April - 2010





# BULLETIN IRINJALAKUDA DIOCESE


രണ്ടായിരം വർഷത്തെ ക്രൈസ്തവ വിശ്വാസപാരമ്പര്യമുള്ള
ഈ പുണ്യഭൂമിയിൽ
32 വർഷം ഇരിങ്ങാലക്കുട രൂപതയെ
ഒരു ഇളംവൃക്ഷംപോലെ ശ്രദ്ധാപൂർവ്വം സംരക്ഷിച്ച
വിശുദ്ധിയുള്ള ഇടയന്......
മനസ്സിന്റെയും ഹൃദയത്തിന്റെയും വിശിഷ്ട ഗുണങ്ങൾകൊണ്ട്
പ്രിയ ഇടയനായിത്തീർന്ന
ജെയിംസ് പിതാവിന്
ഇരിങ്ങാലക്കുട രൂപതാ ദൈവജനത്തിന്റെ
കൃതജ്ഞതാനിർഭരമായ
പ്രാർത്ഥനാമംഗളം.

**RESTAURARE OMNIA IN CHRISTO**

*Irinjalakuda Diocesan Bulletin*

*P. B. No. 59, Irinjalakuda-680 121*

*Ph: 2826830, 2826820*

**പുസ്തകം : 31.** 2010 ഏപ്രിൽ ലക്കം : 4

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | കച്ചേരിക്കാര്യങ്ങൾ | 05 |
| 3. | ഇടയലേഖനം | 10 |
| 4. | നിയുക്ത പിതാവിന്റെ നാളെകൾ | 13 |
| 5. | സർക്കുലർ | 14 |
| 6. | മെയ്ദിന സന്ദേശം | 16 |
| 7 | സർക്കുലർ | 24 |
| 8 | സോഷ്യൽ ആക്ഷൻ | 27 |
| 9 | പ്രസ്താവന | 28 |
| 10 | വലിയ നോമ്പ് നിർദ്ദേശങ്ങൾ | 34 |
| 11 | ചെന്നൈ മിഷൻ | 35 |
| 12 | പ്രതിനിധിയോഗ രൂപീകരണം | 36 |
| 13 | രൂപതയുടെ ചരിത്രം | 37 |
| 14. | മതബോധനം | 38 |
| 15 | ജസ്റ്റിസ്ഫോറം | 39 |
| 16. | സംഘടനാവാർത്തകൾ | |
| | BLM | 40 |
| | സാൻജോ സദൻ | 40 |
| | അവാർഡ് | 41 |
| | സി. എൽ. സി. | 42 |
| | ജീസസ് യൂത്ത് | 42 |
| | സ്പിരിച്വാലിറ്റി സെന്റർ | 43 |
| | കരിസ്മാറ്റിക് മൂവ്മെന്റ് | 43 |
| | സെന്റ് വിൻസന്റ് ഡി പോൾ | 44 |
| 17. | ഇടയന്റെ ഇന്നലെകൾ | 45 |
| 18 | ഇടയന്റെ നാളെകൾ | 48 |
| 19 | നവചൈതന്യ | 48 |




# ഇടയശബ്ദം



2010 ഏപ്രിൽ 18-ന് ഞാൻ ഔദ്യോഗിക ശുശ്രൂഷയിൽനിന്ന് വിരമിച്ച് രൂപത ഭവനത്തിന്റെ പടിയിറങ്ങുകയാണ്. സമ്മിശ്ര വികാരങ്ങളാണ് ഈ നാളുകളിൽ എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. നന്ദിയോടും കടപ്പാടോടും സ്നേഹത്തോടും കൂടെ ഓർക്കുന്ന ഒരു പാട് വ്യക്തികളും കാര്യങ്ങളും ഉണ്ട്. അതെല്ലാം രേഖപ്പെടുത്താൻ തുടങ്ങിയാൽ വലിയൊരു പുസ്തകംപോലെ എഴുതേണ്ടി വരും. എന്നാലും മനസ്സിൽ തെളിഞ്ഞു വരുന്ന ഏതാനും കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ്.

പുത്തൻചിറ പഴയാറ്റിൽ തറവാട്ടിൽ തോമൻകുട്ടി-മറിയംകുട്ടി ദമ്പതികളുടെ നാലു മക്കളിൽ മൂന്നാമത്തെ സന്താനമായി 1934ൽ ഞാൻ ജനിച്ചു. എന്റെ മാതാപിതാക്കളെക്കുറിച്ച് അഭിമാനം കൊള്ളുന്നു. എനിക്ക് 7 വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. ആ ക്ഷീണം അറിയിക്കാതെ എന്നെ സംരക്ഷിച്ച എല്ലാ ബന്ധുമിത്രങ്ങളെയും വലിയ കടപ്പാടോടെ ഞാൻ ഓർക്കുന്നു. എന്റെ ജേഷ്ഠന്മാരും ഏകസഹോദരിയും എനിക്ക് നക്ഷത്രദീപ്തമായ മാതൃകകളായിരുന്നു. അവരുടെ നിരന്തരമായ സഹായവും പ്രോത്സാഹനവുംകൊണ്ട് സ്കൂൾ പഠനകാലത്ത് നല്ല മികവ് തെളിയിക്കാൻ എനിക്ക് സാധിച്ചു. അതിലുപരി മാതാപിതാക്കളും സഹോദരങ്ങളും കുടുംബത്തിൽ പരിപോഷിപ്പിച്ച ആദ്ധ്യാത്മിക അന്തരീക്ഷം എന്നെ വല്ലാതെ സ്വാധീനിച്ചു. പഴയാറ്റിൽ തറവാട്ടിൽനിന്നുള്ള പ്രശസ്തരായ വൈദികരുടെയും സമർപ്പിതരുടെയും ദർശനങ്ങളിലും ജീവിതശൈലികളിലും ആകൃഷ്ടനായി. ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ കുർബ്ബാനയ്ക്ക് സഹായിയായിരുന്ന ഞാൻ കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുള്ള ദൈവികശക്തി അനുഭവിച്ചു. എല്ലാ സാഹചര്യങ്ങളെയും അനുകൂലമാക്കി വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്ന് വൈദികനാകാനുള്ള ആഗ്രഹത്തോടെ 16-ാം വയസ്സിൽ തൃശൂർ തോപ്പ് സെമിനാരിയിൽ ചേർന്നു. അഭിവന്ദ്യനായ ജോർജ്ജ് ആലപ്പാട്ട് പിതാവാണ് എനിക്ക് തൃശൂർ രൂപതാ സെമിനാരിയിലേയ്ക്ക് പ്രവേശനം നല്കിയത്. മൈനർ സെമിനാരി പഠനം കഴിഞ്ഞ് വൈദികവസ്ത്രം നല്കി. തുടർപഠനത്തിനായി എന്നെ ശ്രീലങ്കയിലെ കാൻഡി സെമിനാരിയിലേയ്ക്ക് രൂപതാധികാരി അയച്ചു. ഒന്നര വർഷത്തിനുശേഷം പേപ്പൽ സെമിനാരി പൂനയിലേയ്ക്ക് മാറ്റപ്പെട്ടപ്പോൾ പഠനവും പരിശീലനവും അവിടെയായി.

രൂപീകരണ കാലഘട്ടത്തിൽ എന്നെ പഠിപ്പിച്ച എല്ലാ ഗുരുക്കന്മാരും പുണ്യ ശ്ലോകരാണെന്ന് സന്തോഷത്തോടെ എടുത്തുപറയുന്നു. തത്വശാസ്ത്ര ത്തിലും ദൈവശാസ്ത്രത്തിലും മാസ്റ്റർ ബിരുദത്തോടെ ഉന്നതവിജയം കരസ്ഥമാക്കി 1961ൽ അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് പിതാ വിന്റെ കൈവയ്പ് ശുശ്രൂഷയിലൂടെ തിരുപ്പട്ടം സ്വീകരിച്ച് വൈദികനായി.

"ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" (1 കൊറി 15,10). ഞാൻ എന്തായിത്തീരുന്നുവോ അതാണ് ദൈവത്തിനു നല്കാ നുള്ള സമ്മാനം എന്നുറപ്പിച്ചുകൊണ്ട് കർമ്മഭൂമിയിൽ പാദമൂന്നി. പാവർട്ടി, തൃശൂർ ലൂർദ്ദ് കത്തീഡ്രൽ, പുത്തൻപള്ളി എന്നിവിടങ്ങളിൽ അസ്തേ ന്തിയായി ശുശ്രൂഷ ചെയ്തു. തുടർന്ന് ആംഗ്ലേയ സാഹിത്യ പഠനത്തിന് അധികാരികൾ എന്നോട് ആവശ്യപ്പെട്ടു. തോപ്പ് സെമിനാരിയിൽ താമ സിച്ച് സെന്റ് തോമസ് കോളേജിൽ പഠിക്കുന്ന കാലത്ത് നാലു വർഷ ക്കാലം പൂങ്കുന്നം പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. ഒരു മാസ ക്കാലം അരണാട്ടുകരയിൽ നടത്തു വികാരിയായും സേവനം ചെയ്തി ട്ടുണ്ട്. മാസ്റ്റർ ഡിഗ്രി പൂർത്തിയാക്കി ഏതാണ്ട് 10 വർഷം സെന്റ് തോമസ് കോളേജിൽ പ്രശസ്തമായ വിധത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകനായും, അതോടൊപ്പം Hostel Warden, AICUF Chaplain, യുവജനപ്രസ്ഥാനങ്ങ ളുടെ ഡയറക്ടർ എന്നീ തസ്തികകളിലും പ്രവർത്തിച്ചു. ഈ കാലയള വിൽ തൃശൂർ രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗം, Priests' Senate Secretary, Priests' Welfare Secretary, Trichur Ecumenical Committee Secretary എന്നീ നിലകളിലും, തൃശൂർ രൂപതയുടെ നവീകരണവർഷ കമ്മി റ്റിയിലെ സെമിനാർ വിഭാഗത്തിന്റെ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. 1972-ലെ കോളേജ് സമരകാലത്ത് നേതൃനിരയിൽ നിൽക്കാനും, ജനത്തെ സംഘടിപ്പിക്കാനും, ക്ലാസ്സുകൾ എടുത്ത് ജനത്തെ പ്രബുദ്ധരാക്കാനും കഴിഞ്ഞത് ഇന്നും ഓർക്കുന്നു. കൂടാതെ അജപാലന ശുശ്രൂഷ, ഇടവക ധ്യാനങ്ങൾ, സെമിനാറുകൾ തുടങ്ങിയവ നയിക്കാനും സാധിച്ചത് ഒര നുഗ്രഹമായികാണുന്നു.

1978 ജൂൺ 22-ന് നമ്മുടെ രൂപത രൂപം കൊണ്ടപ്പോൾ, പ്രഥമ ബിഷ പ്പായി പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപ്പാപ്പയാൽ ഞാൻ നിയമി ക്കപ്പെട്ടു. 1978 സെപ്തംബർ 10-ന് അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ (എറണാകുളം ആർച്ച്ബിഷപ്പ്) പിതാവിന്റെ കൈവയ്പു ശുശ്രൂഷവഴി ഞാൻ മെത്രാൻപദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. മാതൃരൂപ താദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് ഇരിങ്ങാലക്കുട രൂപത ഉദ്ഘാടനം ചെയ്തു. രൂപതയ്ക്ക് അത്യാവശ്യം വേണ്ട സൗകര്യ ങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാൽ ഇരിങ്ങാലക്കുട സെന്റ് മേരീസ്

പള്ളിയുടെ (ഇന്നത്തെ സ്പിരിച്ചാലിറ്റി സെന്ററിന്റെ) വൈദിക മന്ദിരത്തിൽ ഞാൻ താമസമാക്കി. രൂപതയുടെ ഇല്ലായ്മയും വല്ലായ്മയും പ്രയാസം വരുത്തുമ്പോഴും ദൈവപരിപാലയിൽ ശരണം വച്ച് ഈശോയുടെ തിരുഹൃദയത്തിൽ എല്ലാം സമർപ്പിച്ച് പ്രതീക്ഷയോടെ മുന്നോട്ടു നീങ്ങി. അവശ്യം വേണ്ട സൗകര്യങ്ങൾ, സ്ഥാപനങ്ങൾ, കൈകാര്യം ചെയ്യാൻ വേണ്ട വ്യക്തികൾ തുടങ്ങിയവ ഉണ്ടാകേണ്ടിയിരുന്നു. പണത്തിന്റെ അഭാവവും, ഒട്ടും സ്ഥലമില്ലാത്ത അവസ്ഥയും, ഏറെ ക്ലേശകരമായിരുന്നെങ്കിലും അതെല്ലാം അതിജീവിച്ച നമ്മെ ദൈവം ഇന്നത്തെ അവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുന്നു. എല്ലാ തലങ്ങളിലും വേണ്ടത്ര പുരോഗതി ഉണ്ടാക്കാൻ ആവുംവിധം പരിശ്രമിച്ചു. ഇക്കാര്യത്തിൽ കർത്താവിന്റെ കരങ്ങളിൽ ഞാൻ എളിയ ഉപകരണമായി നിന്നു. ദൈവം അഭിവന്ദ്യ പിതാക്കന്മാർ, വന്ദ്യവൈദികർ, ബഹു. സന്യസ്തർ, ഇതര ജനങ്ങൾ ഇവരിലൂടെ വലിയ അത്ഭുതങ്ങൾ ചെയ്തു.

നമ്മുടെ സഭയുടെ മേജർ ആർച്ച് ബിഷപ്പായിരുന്ന ആന്റണി പടിയറ പിതാവ് പ്രായാധിക്യത്താൽ ക്ഷീണിതനായപ്പോൾ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ എന്നെ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി നിയമിച്ചു. സീറോ മലബാർ സഭയുടെ വളർച്ചയ്ക്കായി വലിയ കാര്യങ്ങൾ ചെയ്യാനായി എന്നതിൽ അഭിമാനിക്കുന്നു. റോമിൽവച്ചു നടന്ന നമ്മുടെ സഭയുടെ സിനഡിൽ എന്റെ ഉത്തരവാദിത്വം വളരെ വലുതായിരുന്നു. "കർത്താവ് എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിനും മുട്ടുണ്ടാകുകയില്ല" (സങ്കീ 23,1). "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് നീങ്ങുന്നവർക്ക് എല്ലാം നന്മയ്ക്കായി ഭവിക്കുന്നു" (റോമ 8,28). "കർത്താവേ, സ്വജനത്തെ അവിടുന്ന് എല്ലാറ്റിലും ഉയർത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തു. എന്നും എവിടെയും അവരെ തുണയ്ക്കാൻ അങ്ങ് മടിച്ചില്ല" (ജ്ഞാനം 19,22). ഈ തിരുമൊഴികൾ എന്റെ ജീവിതത്തിൽ അന്വർത്ഥമായി. മാത്രമല്ല, ഈ തിരുവചനങ്ങൾ എനിക്ക് എന്നും പ്രകാശവും പ്രത്യാശയും, പ്രചോദനവും നല്കിയിട്ടുണ്ട്.

"കരങ്ങൾ നിർമ്മലമായി കാത്തുകൊള്ളണമെന്നും, ഹൃദയങ്ങൾ ലോകവസ്തുക്കളിൽനിന്ന് അകറ്റണമെന്നും" ജനങ്ങൾ പുരോഹിതർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു. തന്നോടുകൂടെ എല്ലായിടത്തും എല്ലായ്പോഴും ആയിരിക്കാൻ വിളിക്കപ്പെട്ട ഞാൻ (മർക്കോ 3,14) ലോകത്തിന് സ്വന്തമായതിനെയും ലോകദൃഷ്ടിയിൽ സ്വന്തമായതിനെയും ധീരതയോടെ ഉപേക്ഷിച്ചാൽ മാത്രമെ ദൈവത്തിന്റെ സ്വന്തമായിരിക്കാൻ സാധിക്കൂ. ഈ തിരിച്ചറിവിൽ വസ്തുക്കൾ മിനിമം, വ്യക്തികൾ മാക്സിമം എന്ന തത്വം ഞാൻ ഉൾക്കൊണ്ടു. എന്നെയും എനിക്കുള്ളതും, രൂപതയുടെ നന്മക്കായി നിരന്തരം വിനിയോഗിച്ചു, അതു തുടരുകയും ചെയ്യും.

ആരെയും ഭാരപ്പെടുത്താതെ, എല്ലാവരുടെയും ഭാരങ്ങൾ ലഘൂകരിക്കാൻ ശ്രദ്ധിച്ചു. ആരെയും മുറിപ്പെടുത്താതെ എല്ലാവരുടെയും മുറിവുകൾ ഉണക്കാൻ പരിശ്രമിച്ചു. എന്നാലും ആർക്കെങ്കിലും എന്തെങ്കിലും പ്രയാസം ഞാൻ വഴി ഉണ്ടായിട്ടുണ്ടെങ്കിൽ ഈ അവസരത്തിൽ അതിന് മാപ്പ് ചോദിക്കുന്നു.

എന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സമർത്ഥനായ മാർ പോളി കണ്ണൂക്കാടൻ പിതാവാണ്. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം, സഹകരണവും വിധേയത്വവും നൽകാം, വരുംകാല പ്രവർത്തനങ്ങൾക്ക് ശക്തി പകരാം. അങ്ങനെ നമ്മുടെ രൂപത കൂടുതൽ ശക്തി പ്രാപിക്കട്ടെ. ദൈവപരിപാലനയിൽ അടിയുറച്ച് ഒരേ ആത്മാവോടും ഒരേ ഹൃദയത്തോടും കൂടെ വിശ്വാസാധിഷ്ഠിത സ്നേഹസമൂഹമായി നമുക്ക് മുന്നേറാം. അഭിവന്ദ്യ പോളി പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും എന്റെ ഔദ്യോഗിക വിടവാങ്ങലും നടക്കുന്ന ഏപ്രിൽ 18 എല്ലാവർക്കും അനുഗ്രഹത്തിന്റെ ദിവസമാകട്ടെ.

ഏപ്രിൽ 18-ലെ ആഘോഷങ്ങളും ആരവങ്ങളും കടന്നുപോകും. വിടപറയുംമുൻപ് "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുക" എന്നു പറഞ്ഞ് ഈശോ വി. കുർബ്ബാന സ്ഥാപിച്ചു. അങ്ങനെ കുരിശിലെ ബലി അനശ്വരമായി. ഏപ്രിൽ 18 ശാശ്വതമായി ഓർക്കുന്ന ഒരു സുദിനമാകണമെന്നത് എന്റെയും പോളി പിതാവിന്റെയും വലിയ ആഗ്രഹമാണ്. ഈ ആഗ്രഹം രൂപത വൈദിക സമൂഹവും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുമായി പങ്കുവച്ചപ്പോൾ ഉരുത്തിരിഞ്ഞ പദ്ധതിയാണ് Bless a Home Project. നമ്മുടെ രൂപതയിൽ അവശതയനുഭവിക്കുന്നവരെ സമുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ ഒരു സാധുസഹായനിധിക്ക് രൂപം കൊടുത്തു വരുന്നു. എല്ലാവരുടെയും അനുഗ്രഹത്തോടും അംഗീകാരത്തോടും സഹകരണത്തോടും കൂടെ ഏപ്രിൽ 18ന് ഈ പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെടും. വളരെ ഉദാരമായി ഇതിലേയ്ക്ക് സംഭാവന ചെയ്യാൻ ഏവരും മുന്നോട്ടുവരണം. "എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്" (മത്തായി 25,40) എന്ന കർത്താവിന്റെ വാക്കുകൾ നമുക്ക് ഓർക്കാം. ആഢംബരങ്ങളും ധൂർത്തും ഒഴിവാക്കി, എല്ലാറ്റിന്റെയും ദശാംശം കർത്താവിന്റെ പാവപ്പെട്ടവർക്കു കൊടുക്കുക എന്ന ചിന്തയും മനസ്സിൽ വച്ച്, എല്ലാവരും ഈ സദുദ്യമത്തിൽ പങ്കാളികളാകണം. അങ്ങനെ 'ദാനം ചെയ്യുന്നവർ ഔദാര്യത്തോടെയും കരുണ കാണിക്കുന്നവർ പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ (റോമ 12,8).

പിന്നോട്ടു തിരിഞ്ഞുനോക്കുമ്പോൾ ഇക്കഴിഞ്ഞ 32 കൊല്ലം കൊണ്ട് നമ്മുടെ രൂപത ഏറെ വളർന്നു. അതിൽ ഏറ്റവും കൂടുതൽ

ഞാൻ അഭിമാനിക്കുന്നത് ഇവിടെ സുശക്തമായ, ഒരേ ആത്മാവോടും ഒരേ ഹൃദയത്തോടും കൂടെ വർത്തിക്കുന്ന ഒരു വിശ്വാസ സമൂഹം ഉണ്ടെന്നുള്ളതിലാണ്. 1978 ൽ 1,86,000 വിശ്വാസികൾ ഉണ്ടായിരുന്നിടത്ത് ഇന്ന് 2,58,000 പേരുണ്ട്. അതിന് നേതൃത്വം നല്കാൻ ആത്മീയാചാര്യരായ വൈദികർ, സന്യാസിനീ സന്യാസികൾ, അത്മായ പ്രേഷിതർ നമുക്കുണ്ട്. എല്ലാവരും എനിക്ക് കരുത്തുപകർന്നു. താങ്ങും തണലുമായിനിന്നു. രൂപതയെ പടുത്തുയർത്തുന്നതിൽ സഹപ്രവർത്തകരായി. എല്ലാവരോടും ഹൃദയത്തിന്റെ നിറവിൽനിന്ന് ഒറ്റവാക്കിൽ നന്ദി.

വിശ്വാസസമൂഹം വളർന്നതോടെ അതിനനുസരിച്ച് സ്ഥാപനങ്ങളും സംവിധാനങ്ങളും വർദ്ധിച്ചു. എല്ലാ ഭാഗങ്ങളിലും മനോഹരമായ ഇടവക ദേവാലയങ്ങൾ പണിതീർത്തു. 40 ലേറെ സ്ഥലങ്ങളിൽ പുതിയ പള്ളികൾ പണിതു; 70 ലേറെ പള്ളികൾ കാലോചിതമായി പുനർ നിർമ്മിച്ചു. 10 പുതിയ പള്ളികൾ പണി തീർന്നുവരുന്നു. വൈദികമന്ദിരങ്ങളും കപ്പേളകളും സിമിത്തേരികളും പാരിഷ്ഹാളുകളും മണിമാളികകളും ഉണ്ടായി. രൂപതയുടെ ആരംഭത്തിൽ പുരുഷന്മാർക്കുള്ള 4 സന്യാസസമൂഹങ്ങളും സ്ഥാപനങ്ങളുമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 13 സന്യാസസമൂഹങ്ങളുണ്ട്. 7 സന്യാസിനിസമൂഹങ്ങളുടെ 61 മഠങ്ങളും അനുബന്ധ സ്ഥാപനങ്ങളുമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 38 സന്യാസിനീസമൂഹങ്ങളുടെ 168 മഠങ്ങളും അവയുടെ അനുബന്ധ സ്ഥാപനങ്ങളുമായി പ്രവർത്തിക്കുന്നു. വൈദികരുടെയും വൈദികവിദ്യാർത്ഥികളുടെയും എണ്ണവും ഏറെ വർദ്ധിച്ചു. ഇടവകകൾ 80ൽ നിന്ന് 130 ആയിട്ടുണ്ട്. 26 വർഷംമുൻപ് നമ്മുടെ രൂപതയെ ഏല്പിച്ച മദ്രാസ് മിഷൻ എത്രയോ വളർന്നിരിക്കുന്നു. അവിടെ ഒരു പുതിയ രൂപത ഉണ്ടാകേണ്ടതാണ്. ഉന്നത നിലവാരം നിലനിർത്തുന്ന കലാലയങ്ങളും വിദ്യാലയങ്ങളും ആതുരാലയങ്ങളും ആശുപത്രികളും രൂപതയിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ഒരിക്കൽ കൂടി നിങ്ങളുടെ പ്രാർത്ഥനയ്ക്കും, നേതൃത്വത്തിനും ത്യാഗനിർഭരമായ ശുശ്രൂഷയ്ക്കും നന്ദി പറയുന്നു. നല്ലവനായ ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിച്ച് പ്രതിസമ്മാനിക്കട്ടെ. നമ്മുടെ പുതിയ പിതാവിലൂടെ നമ്മുടെ രൂപതയും ചെന്നൈ മിഷനും കൂടുതൽ അനുഗ്രഹിക്കപ്പെടട്ടെ. എല്ലാം ദൈവം സാധിപ്പിച്ചുതന്നു. ഏവരേയും അവിടുന്ന് ഉപകരണങ്ങളാക്കി. ഏവർക്കും നന്ദി. ഞാൻ ഇരിങ്ങാലക്കുട മൈനർ സെമിനാരിയിലേയ്ക്ക് താമസം മാറുന്നു. എല്ലാം ദൈവഹിതം പോലെ ഭവിക്കട്ടെ.

ഇരിങ്ങാലക്കുട

24. 03. 2010

**മാർ ജെയിംസ് പഴയാറ്റിൽ**

ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരികാര്യങ്ങൾ

1. **പെസഹാവ്യാഴം :** ഏപ്രിൽ 1 രാത്രി 9 മണിക്ക് സക്രാരി തുറക്കാതെ ധൂപാർപ്പണത്തോടെ ആരാധന സമാപനം നടത്തേണ്ടതാണ്.
2. **ദു:ഖവെള്ളി :** ഏപ്രിൽ 2 ദു:ഖവെള്ളിയാഴ്ചയിലെ പിരിവ് ഏപ്രിൽ 30നു മുൻപ് രൂപത കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.
3. **ഏപ്രിൽ 4:** ഉയിർപ്പു ഞായർ
4. **രൂപത കാര്യാലയത്തിന് അവധി:** ഓശാന ഞായർ മുതൽ ഉയിർപ്പ് 3-ാം ഞായർ വരെ.
5 **മാസധ്യാനം:** ഏപ്രിൽ മാസത്തിൽ ബഹു. വൈദികരുടെ ധ്യാനം ഫൊറോന പള്ളികളുടെ നേതൃത്വത്തിലായിരിക്കും.
6. **മദ്രാസ് മിഷൻ സൺഡേ, പുതുഞായറാഴ്ച ഏപ്രിൽ 11 :** നമ്മുടെ രൂപത ഏറ്റെടുത്തിരിക്കുന്ന മദ്രാസ് മിഷനെക്കുറിച്ച് ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്. മദ്രാസ് മിഷനുവേണ്ടി അന്ന് സ്വരൂപിക്കുന്ന സംഖ്യ ഏപ്രിൽ 30നു മുൻപ് രൂപതാഭവനത്തിൽ ഏല്പിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.
7. **തൊഴിലാളി ദിനം-മെയ് 1:** തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധങ്ങളിൽ സ്നേഹവും സമാധാനവും വളർത്തി നാടിന്റെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുവാനുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ബോദ്ധ്യം ഉൾക്കൊള്ളുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്താം. അഖില ലോക തൊഴിലാളി ദിനാഘോഷം രൂപതാതലത്തിൽ മെയ് 1-ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് ഇരിങ്ങാലക്കുട K.L.F. ൽ വച്ച് രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി, തുടർന്ന് പൊതുസമ്മേളനം തുടങ്ങിയ പരിപാടികളോടെ നടത്തപ്പെടുന്നു. മെയ്ദിനപിരിവ് മെയ് 30നു മുൻപ് രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.
8. **വാർഷികധ്യാനം:** ഈ വർഷം വൈദികരുടെ വാർഷികധ്യാനം ജൂൺ മാസത്തിൽ **PACS** ൽ വച്ച് നടത്തപ്പെടുന്നു. 1st Batch ധ്യാനം- ജൂൺ 7 മുതൽ 11 വരെയും, 2nd Batch ധ്യാനം-ജൂൺ 14 മുതൽ 18 വരെയുമായിരിക്കും. **ധ്യാനഗുരു: മാർ ലോറൻസ് മുക്കുഴി** (ബെൽത്തങ്ങാടി രൂപത)
9. രൂപതയ്ക്കകത്തും പുറത്തും ഉള്ള സന്യാസിനീ സന്യാസ സമൂഹങ്ങളിൽ അർത്ഥിനികൾ ആയി ചേരുന്നവർ ജനനതിയ്യതി, മാമ്മോദീസ

തിയ്യതി, സ്ഥൈര്യലേപന തിയ്യതി എന്നിവയുടെ സർട്ടിഫിക്കറ്റും വികാരിയച്ചനിൽനിന്നുള്ള സ്വഭാവ സർട്ടിഫിക്കറ്റും രൂപതാകച്ചേരിയിൽ നൽകി പേര് രജിസ്റ്റർ ചെയ്തശേഷം സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

10. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി കൺസ്ട്രക്ഷൻ കമ്മിറ്റി എല്ലാ മാസവും കൂടുന്നതാണ്. അതിനാൽ, പരിഗണിക്കപ്പെടേണ്ട അപേക്ഷകൾ 1-ാം തിയ്യതിക്കുമുൻപ് എത്തിക്കേണ്ടതാണ്.

11. **ഏപ്രിൽ 18:** നിയുക്ത മെത്രാൻ മോൺ. പോളി കണ്ണൂക്കാടന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും. 32 കൊല്ലത്തോളം നമ്മുടെ രൂപതയെ പടുത്തുയർത്തുന്നതിൽ പ്രധാന പങ്കുവഹിച്ച അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഔദ്യോഗിക വിരമിക്കലും. എല്ലാവരും അന്നേ ദിവസം ഉച്ചകഴിഞ്ഞ് 1.30 ന് കത്തീഡ്രൽ അങ്കണത്തിൽ എത്തിച്ചേരണം.

12. **പ്രതിനിധിയോഗ രൂപീകരണം: നില**വിലുള്ള പ്രതിനിധിയോഗത്തിന്റെ കാലാവധി 2010 ജൂലൈ 3-ാം തിയ്യതിയോടെ അവസാനിക്കുകയാണല്ലോ. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോഗ നടപടിക്രമങ്ങളും രൂപതാനിയമാവലിയിലെ നിർദ്ദേശങ്ങളും കണക്കിലെടുത്ത് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തി രൂപതാ കച്ചേരിയിൽനിന്നും അംഗീകാരം വാങ്ങേണ്ടതാണ്. പുതിയ പ്രതിനിധിയോഗം 2010 ജൂലൈ 3-ാം തിയ്യതി പ്രാബല്യത്തിൽ വരുന്നതാണ്. പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുത്ത് തെരട്ട് സമർപ്പിക്കുന്നതോടുകുടി അംഗീകാരത്തിനായി സമർപ്പിക്കണം.

**സ്വീകരിക്കേണ്ട നടപടികൾ താഴെ ചേർക്കുന്നു.**

1. 100ൽ താഴെ വീടുകൾ ഉള്ള ഇടവകകളിൽ പൊതുയോഗം മാത്രം മതിയായിരിക്കും. (നമ്പർ 5,6 കാണുക)
2. 101 നും 500 നും ഇടക്ക് വീടുകളുള്ള ഇടവകകളിൽ പൊതുയോഗവും പ്രതിനിധിയോഗവും ആകാവുന്നതാണ്. ഏതെങ്കിലും ഒന്നുമാത്രം മതിയെന്നുണ്ടെങ്കിൽ രൂപതാ കാര്യാലയത്തിൽനിന്ന് അനുവാദം വാങ്ങിയിരിക്കണം.
3. 501 നു മുകളിൽ വീടുകൾ ഉള്ള ഇടവകകളിൽ പ്രതിനിധിയോഗം മാത്രം മതിയാകും. പൊതുയോഗം കൂടി വേണമെങ്കിൽ രൂപതാ കച്ചേരിയിൽനിന്നും അനുവാദം വാങ്ങിയിരിക്കണം.
4. പ്രതിനിധിയോഗ രൂപീകരണത്തിനുള്ള നടപടികൾ പൂർത്തിയായാൽ പ്രസ്തുത അംഗങ്ങളുടെ പേരുകൾ രൂപതാ മുദ്രപത്രത്തിൽ

എഴുതി പകർപ്പുസഹിതം രൂപതാ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

5. പ്രതിനിധിയോഗം മാത്രം ഉള്ള ഇടവകകളിൽ നിയമാവലി അനുസരിച്ച് (നമ്പർ 3) വർഷത്തിലൊരിക്കലെങ്കിലും പൊതുയോഗം കൂടി വസ്തുതകൾ വിലയിരുത്തണം.

6. നിലവിൽ വരുന്ന പ്രതിനിധി യോഗമാണ് കൈക്കാരന്മാരെ തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധി യോഗത്തിന്റെ കാലാവധി മൂന്നു വർഷമാണ്. പ്രതിനിധി യോഗത്തിൽ അംഗങ്ങളല്ലാത്തവരെയും കൈക്കാരന്മാരായി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത് രൂപതാ കാര്യാലയത്തിൽ നിന്ന് നിയമനം ലഭിച്ചുകഴിഞ്ഞാൽ ആ ഒരു വർഷക്കാലം അവർ പ്രതിനിധിയോഗത്തിൽ അംഗങ്ങളായിരിക്കും.

7. സംഘടനകളുടെ ഏകോപന സമിതിയിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഒരു പുരുഷനും ഒരു സ്ത്രീയുമായിരിക്കും പ്രതിനിധി യോഗത്തിൽ സംഘടനകളെ പ്രതിനിധാനം ചെയ്യുക.

8. നിയമാവലി അനുസരിച്ച് ഇടവകകളിൽ തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കി രൂപതാ കാര്യാലയത്തിൽനിന്ന് അംഗീകാരം വാങ്ങേണ്ടതാണ്.

9. പുതിയ പ്രതിനിധിയോഗത്തിന്റെ കാലാവധി 2010 ജൂലൈ 3-ാം തിയ്യതി മുതൽ 2013 ജൂലൈ 3-ാം തിയ്യതി വരെയായിരിക്കും.

രൂപതാഭവനം
22. 03. 2010

**ഫാ. വിൻസെന്റ് ആലപ്പാട്ട്**
വികാരി ജനറാൾ.



ഏവർക്കും ഉയിർപ്പുതിരുന്നാളിന്റെ

മംഗളങ്ങളും അനുഗ്രഹങ്ങളും നേരുന്നു.

*- എഡിറ്റോറിയൽ ബോർഡ്*

357/ 10
22/03/2010

# ഇടയലേഖനം

## Bless a Home Project

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ. രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

"എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്" (മത്താ 25,40) എന്ന തിരുമൊഴി സദാ നമ്മുടെ കാതുകളിൽ മുഴങ്ങുന്നില്ലേ? "ദരിദ്രർ എപ്പോഴും നിങ്ങളുടെ കൂടെയുണ്ട്" (മത്താ 26,11) എന്ന ഈശോയുടെ വാക്കുകൾ കൂടി ഓർത്താൽ പാവപ്പെട്ടവരുടെ കാര്യത്തിൽ നമുക്കുണ്ടാകേണ്ട കരുതലും കരുണയും ദയാവായ്പും എത്രയോ വലുതായിരിക്കണം. അനുദിന ജീവിതാവശ്യങ്ങൾക്ക് വഴിയില്ലാതെ, ഭക്ഷണം, ചികിത്സ, വസ്ത്രം, ഭവനം, വിദ്യാഭ്യാസം തുടങ്ങിയ മനുഷ്യന്റെ മൗലികാവശ്യങ്ങൾ നിറവേറ്റാനാകാതെ കഷ്ടപ്പെടുന്നവർ ധാരാളം പേരുണ്ട്. സാമ്പത്തിക ഭദ്രതയുള്ളവരുടെ ചുറ്റും അധിവസിക്കുന്ന ഈ ഹതഭാഗ്യരുടെ സങ്കടം ആരറിയാൻ!

വിശ്വാസം ജീവിക്കുമ്പോൾ, ദൈവസ്നേഹത്തിൽ വളരണം, പരസ്നേഹം പ്രാവർത്തികമാക്കണം, വിശുദ്ധിയിലും ദൈവസംപ്രീതിയിലും മനുഷ്യസ്നേഹത്തിലും ആഴപ്പെടണം. ഇതിനനുസൃതമായി നമ്മുടെ പല ഇടവകകളും സ്ഥാപനങ്ങളും വ്യക്തികളും തങ്ങളാൽ ആവുംവിധം ഉണർന്നുപ്രവർത്തിക്കുന്നുണ്ട്. നാം ആരംഭിച്ച കുടുംബക്ഷേമനിധി ഇതിനോടകം പല ഇടവകകളിലും കാര്യക്ഷമമായിട്ടുണ്ട്. ആ ക്ഷേമനിധിയിലേയ്ക്ക് പ്രോത്സാഹനധനമായി രൂപതാഭവനത്തിൽനിന്ന് നല്കിയ സംഖ്യ (10,000 രൂപ) വാങ്ങിയിട്ടില്ലാത്ത ഇടവകകൾ, ഉടൻ ആ തുക കൈപറ്റി പ്രസ്തുത ക്ഷേമനിധി പ്രവർത്തനനിരതമാക്കേണ്ടതാണ്. തദവസരത്തിൽ ഇറക്കിയ വിജ്ഞാപനത്തിൽ, ദൈവം ആവശ്യപ്പെടുന്ന ദശാംശം നല്കാൻ എല്ലാവരും സന്നദ്ധരാകണമെന്ന് ഞാൻ ഓർമ്മപ്പെടുത്തിയിരുന്നു. പള്ളികൾ, അനുബന്ധകെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, വീടുകൾ എന്നിവയ്ക്ക് ചെലവാക്കുന്നതിന്റെ പത്തിലൊന്നെങ്കിലും കുടുംബക്ഷേമനിധിയിലേയ്ക്ക് നല്കണം. "സന്തോഷത്തോടെ ദശാംശം കൊടുക്കുക; കർത്താവ് പ്രതിഫലം നല്കുന്നവനാണ്. അവിടുന്ന് ഏഴി

രട്ടിയായി തിരികെ തരും"' (പ്രഭാ 35,9-11). ഇടവക പള്ളിയിൽ, സ്ഥാപന ങ്ങളിൽ, കുടുംബങ്ങളിൽ ആചരണങ്ങളും ആഘോഷങ്ങളും നടത്തുമ്പോൾ ഇക്കാര്യം കണക്കിലെടുക്കണമെന്നും ഓർമ്മപ്പെടുത്തിയിരുന്നു. ധൂർത്ത് അവസാനിപ്പിക്കാനും, മദ്യവും ലഹരി വസ്തുക്കളും തീർത്തും വേണ്ടെന്ന് വയ്ക്കാനും, ചെലവ് ചുരുക്കാനും, ആഢംബരങ്ങളും ആഭരണങ്ങളും കുറ യ്ക്കാനും നമുക്ക് കഴിയണം. എന്റെ വീട്ടിൽ ഒരു മംഗളകരമായ കർമ്മം നടക്കുമ്പോൾ ആ വേദി പലരുടെയും നാശത്തിന്റെ നാന്ദിയാക്കി മാറ്റുന്ന തെന്തിന്? മറ്റുള്ളവർ നശിക്കുന്നതിന് എന്റെ വീട് വേദിയാക്കാൻ പാടില്ല. ദൈവത്തേക്കാളുപരി മനുഷ്യരെ സന്തോഷിപ്പിക്കാനും പ്രീതിപ്പെടുത്താ നുംവേണ്ടി വീടുകളിലെ വിരുന്നുകളിലും തിരുന്നാളാഘോഷങ്ങളിലും കട ന്നുപറ്റുന്ന ധൂർത്ത് നമുക്ക് ഒഴിവാക്കാം.

നമ്മുടെ രൂപത നിലവിൽ വന്നിട്ടും പ്രഥമ ബിഷപ്പായി ഞാൻ ഉത്ത രവാദിത്വം ഏറ്റെടുത്തിട്ടും 32 വർഷത്തോളമാകുന്നു. രൂപതയ്ക്കും ദൈവ ജനത്തിനും വേണ്ട പല സംവിധാനങ്ങളും സ്ഥാപനങ്ങളും ശുശ്രൂഷാസൗ കര്യങ്ങളും സംജാതമാക്കാൻ വളരെ അദ്ധ്വാനിച്ചിട്ടുണ്ട് പലരും. ഭൗതിക സമ്പത്തിലുപരി അറിവും അനുഭവസമ്പത്തും അർപ്പണബോധവുമുള്ള വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടുന്ന സജീവവിശ്വാസത്തി ന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയാണ് നമ്മുടെ രൂപത. നല്ലവനായ ദൈവം തന്റെ പരിപാലനയിൽ നമ്മെ ഉപകരണങ്ങളാക്കി മഹാ അത്ഭുത ങ്ങൾ ചെയ്തു. ഇന്നു നാം കാണുന്ന അവസ്ഥയിൽ രൂപത എത്തിച്ചേർന്നി ട്ടുണ്ടെങ്കിൽ, ദൈവപരിപാലന എന്നല്ലാതെ മറ്റൊന്നും പറയാനില്ല. അഭി വന്ദ്യപിതാക്കന്മാരുടെയും വന്ദ്യവൈദികരുടെയും സന്യസ്തരുടെയും അത്മായ സുഹൃത്തുക്കളുടെയും പ്രാർത്ഥനയും ത്യാഗം നിറഞ്ഞ സഹക രണവും സംഭാവനയും രൂപതയക്ക് അകത്തുനിന്നും പുറമെനിന്നും ലഭിച്ച സഹായവും രൂപതയുടെ വളർച്ചയ്ക്ക് കാരണമായി. ഏറെ അഭിമാനകര മാണീ വളർച്ച. ദൈവത്തിന് സർവ്വസ്തുതിയും സ്തോത്രവും സമർപ്പിക്കാം, കൃതജ്ഞത പ്രകാശിപ്പിക്കാം. രൂപതയുടെ വളർച്ചയ്ക്കായി തുടർന്നും പ്രാർത്ഥിക്കാം, സഹകരിക്കാം.

നമ്മുടെ രൂപതയുടെ നിയുക്തപിതാവ് അഭിവന്ദ്യനായ പോളിയച്ചൻ മെത്രാഭിഷേകം കഴിഞ്ഞ് രൂപതയുടെ രണ്ടാമത്തെ മെത്രാനായി ചാർജ്ജെ ടുക്കുന്നതും ഞാൻ വിരമിക്കുന്നതുമായ ദിനം ഈ ഏപ്രിൽ 18ന് ആകു ന്നു. ഞങ്ങൾ ഇരുവരുടേയും വലിയ ഒരാഗ്രഹം വന്ദ്യവൈദികരുടെയും, എല്ലാ ഇടവകകളേയും സന്യാസസമൂഹങ്ങളേയും, സ്ഥാപനങ്ങളേയും സംഘടനകളെയും പ്രസ്ഥാനങ്ങളെയും പ്രതിനിധാനം ചെയ്യുന്ന പാസ്റ്റ റൽ കൗൺസിലിന്റെയും മുമ്പാകെ അവതരിപ്പിക്കുകയുണ്ടായി. അവർ നല്കിയ അംഗീകാരത്തിന്റെയും പ്രോത്സാഹന

ത്തിന്റെയും അടിസ്ഥാനത്തിൽ പാവപ്പെട്ടവരെ സമുദ്ധരിക്കാനുള്ള, കഷ്ടപ്പെടുന്ന കുടുംബങ്ങളെ എല്ലാവിധത്തിലും ഉയർത്തിക്കൊണ്ടുവരാനുമുള്ള 'Bless a Home' Project ന് രൂപം കൊടുത്തുവരുന്നു. കുടുംബങ്ങളെ ഉദ്ധരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവയെ കൊണ്ടുവരാനുമുള്ള ഒരു പദ്ധതിയാണിത്. ഏപ്രിൽ 18 ലെ കാര്യങ്ങൾ വലിയ ഒരു സംഭവമാണ്. സംശയമില്ല. പക്ഷെ, ആചരണവും ആഘോഷവും കടന്നുപോകും. ആയതിന്റെ ശാശ്വതസ്മരണ, കർത്താവിന്റെ എളിയവർക്കുവേണ്ടിയുള്ള ത്യാഗവും ഔദാര്യവും നിറഞ്ഞ ഈ സ്നേഹശുശ്രൂഷാസംരംഭത്തിലൂടെ നിലനിൽക്കാൻ ഇടവരണം. എല്ലാവരും ഈ കാര്യത്തിൽ പങ്കുചേരണം. അന്നേ ദിവസം ഒരു ലക്ഷമോ അതിൽ കൂടുതലോ സംഭാവന നല്കുന്ന ഇടവകകൾ, കുടുംബങ്ങൾ, യൂണിറ്റുകൾ, സ്ഥാപനങ്ങൾ, സന്യാസസമൂഹങ്ങൾ, തറവാട്ടുയോഗങ്ങൾ, കമ്പനികൾ, വ്യക്തികൾ എന്നിവർക്ക് ആ തുക വേദിയിൽവന്ന് പിതാക്കന്മാരെ നേരിട്ട് ഏല്പിക്കാൻ അവസരം ഉണ്ടാകും.

പരിശുദ്ധ പിതാവ് ബെനഡിക്ട് 16-ാമൻ "സത്യത്തിൽ സ്നേഹ"മെന്ന പ്രഥമ സാമൂഹിക ചാക്രികലേഖനത്തിൽ പറയുന്നത് ശ്രദ്ധേയമാണ്. "ലോകമെങ്ങുമുള്ള ദരിദ്രർ സമ്പന്നരുടെ കതകുകളിൽ മുട്ടിക്കൊണ്ടിരിക്കുന്നു. സമ്പൽസമൃദ്ധിയുടെ ലോകം ആ മുട്ടലുകൾ കേൾക്കാതിരിക്കുന്ന അപകട സാധ്യതയിലാണ്. മാനുഷികമായതെന്തെന്ന് തിരിച്ചറിയാൻ കഴിയാത്ത മനസ്സാക്ഷിമൂലമാണ് അങ്ങനെ സംഭവിക്കുന്നത്. ("സത്യത്തിൽ സ്നേഹം" 75) ലോകത്തിന്റെ സമഗ്ര വികസനത്തിന് വ്യക്തികളുടെയും സമൂഹത്തിന്റെയും കാഴ്ചപാടുകളിൽ ഉണ്ടാകേണ്ട മാറ്റത്തെയാണ് മാർപ്പാപ്പ വിവക്ഷിക്കുന്നത്.

"നന്മ ചെയ്യുന്നതിൽ നമുക്ക് മടുപ്പ് തോന്നാതിരിക്കട്ടെ. എന്തെന്നാൽ, നമുക്ക് മടുപ്പ് തോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം. ആകയാൽ, നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും, പ്രത്യേകിച്ച് വിശ്വാസത്തിൽ ഒരേ കുടുംബത്തിൽ അംഗങ്ങളായ ക്ലേശിക്കുന്നവർക്ക്, നന്മ ചെയ്യാം" (ഗലാ. 6,9-10). "നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടുനിൽക്കുവിൻ" (റോമ 12,10). ദരിദ്രരെ സഹോദരതുല്യം സ്നേഹിക്കാൻ ബഹുമാനിക്കാൻ ദൈവം നമ്മുടെ കൈകളിൽ ഏല്പിച്ചിരിക്കുന്നു. അവരുടെ കാവൽക്കാരല്ലേ നമ്മൾ? എങ്കിൽ എത്ര കരുതലോടെ, കരുണയോടെ നാം അവരോട് വർത്തിക്കണം. നമ്മുടെ ആഢംബരങ്ങൾ, ആഘോഷവേളകളിലെ ധൂർത്തുകൾ എല്ലാം ഒഴിവാക്കിയാൽ എത്രയോ പേരുടെ കണ്ണീർ നമുക്ക് ഒപ്പിയെടുക്കാനാകും? അതിനായി നമ്മുടെ മന:സാക്ഷി ഉണരട്ടെ. പിതാവായ തോബിത്ത് തന്റെ

ഏക മകനായ തോബിയാസിന് നല്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ് "ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽനിന്ന് മുഖം തിരിച്ചുകളയരുത്. അപ്പോൾ ദൈവം നിന്നിൽനിന്ന് മുഖം തിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക. കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാഴ്ചയാണ്. (തോബി. 4, 7-9).

നമ്മുടെ രൂപതയിലെ ജാതിമതഭേദമെന്യേ സർവ്വരേയും സഹായിക്കാനുള്ള Bless a Home Project നെ ത്യാഗസന്നദ്ധതയോടും ഔദാര്യബോധത്തോടും സാമൂഹ്യപ്രതിബദ്ധതയോടും കൂടെ സഹായിക്കാൻ, 2010 ഏപ്രിൽ 18 ലെ മഹാസംഭവത്തെ എന്നന്നേയ്ക്കുമായി അർത്ഥവത്തായി അനുസ്മരിക്കാൻ, ദൈവാനുഗ്രഹത്തിന് പാത്രീഭൂതരാകാൻ ഈ സഹായ പദ്ധതിയെ സഹായിക്കണമെന്നും പ്രോത്സാഹിപ്പിക്കണമെന്നും ഞാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 32 വർഷത്തോളം ഈ രൂപതയുടെ നന്മയ്ക്ക് വേണ്ടി ശുശ്രൂഷ ചെയ്ത ഈ പിതാവിന്റെ ആഗ്രഹം സഫലമാകാൻ എല്ലാവരുടേയും അകമഴിഞ്ഞ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. അർഹിക്കുന്നവരെ പ്രായോഗികമായി സഹായിക്കാനുള്ള Bless a Home Project ഏവർക്കും അനുഗ്രഹമാകട്ടെ. ചിതൽ നശിപ്പിക്കാത്തതും കള്ളൻ മോഷ്ടിക്കാത്തതുമായ നിക്ഷേപം സ്വർഗ്ഗത്തിൽ നമുക്ക് കണ്ടെത്താം. ഇഹത്തിൽ സമാധാനവും രക്ഷയുടെ അനുഭവവും സ്വായത്തമാക്കാം.



**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ ഇടയലേഖനം ഏപ്രിൽ 4 ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ J.P.

## നിയുക്ത പിതാവിന്റെ നാളെകൾ

**ഏപ്രിൽ 2010**

21. Thrissur, Puthenveli
23. Thrissur, IJk
24. Kodakara, Aloor Thazhekad, Puthenchira Forane
25. Kottanellur
26. Puthenchira Puliparambu
27. Anandapuram
28. Thuravankunnu Meladoor
29. IJK

358/ 10
22/03/2010

# സർക്കുലർ

ചെന്നൈയിലെ സീറോമലബാർ സഭയുടെ പ്രവർത്തനങ്ങളെക്കു റിച്ച് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഏകദേശം 100 വർഷങ്ങൾക്കുമുൻപെ ജോലിക്കും പഠനത്തിനുമായി കേരളത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നുള്ള സ്ഥിരോത്സാഹികളും വിശ്വാസതീക്ഷ്ണതയുള്ളവരുമായ സീറോ മലബാർ കത്തോലിക്കർ ചെന്നൈയിൽ കുടിയേറുകയും സ്ഥിരതാമസമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ചെന്നൈയിൽ താമസമാക്കിയ സീറോമലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷാദൗത്യം സീറോ മലബാർ ബിഷപ്പ്സ് കോൺഫ്രൻസ് 1983ൽ ഇരിങ്ങാലക്കുട രൂപതയെ ഏല്പിച്ചു. 1978ൽ സ്ഥാപി തമായ നമ്മുടെ രൂപത അതിന്റെ ബാലാരിഷ്ടതകളിലൂടെ കടന്നുപോകുന്ന കാലമായിരുന്നെങ്കിലും വലിയ സന്തോഷത്തോടെ ഈ ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തു. നമ്മുടെ രൂപതയിൽനിന്നുള്ള 18 അച്ചന്മാർ ഇപ്പോൾ അവിടെ സേവനം ചെയ്യുന്നുണ്ട്. സി. എം. ഐ, വിൻസെൻഷ്യൻ എന്നീ സന്യാസസ മൂഹങ്ങളിൽനിന്നായി 9 വൈദികരും 9 സന്യാസിനീസമൂഹങ്ങളിൽ നിന്നായി 100 ഓളം സിസ്റ്റേഴ്സും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സീറോ മലബാർ സഭാം ഗങ്ങളായ ഏകദേശം 5000 കുടുംബങ്ങളെ ഇതിനകം കണ്ടെത്തുവാൻ കഴി ഞ്ഞിട്ടുണ്ട്. ഇതിന്റെ ഇരട്ടിയിലധികം സീറോമലബാർ കുടുംബ ങ്ങളും, പഠനത്തിനും ജോലിക്കുമായി വന്ന ധാരാളം യുവതീയുവാക്കളും അവിടെ ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം.

ഇതിനകം നമ്മുടെ രൂപതയുടെയും ചെന്നൈയിലെ ജനങ്ങളുടെ ത്യാഗ പൂർണ്ണമായ സംഭാവനയിലൂടെയും കേരളത്തിൽനിന്നുള്ള ഉദാരമനസ്കരായ പല വ്യക്തികളുടെ സഹായവും വഴി 8 ചെറിയ ദേവാലയങ്ങൾ പണിയുവാൻ കഴി ഞ്ഞു. 35 സെന്ററുകളിലായി ഇപ്പോൾ വി. കുർ ബ്ബാന അർപ്പിക്കുന്നുണ്ട്. ലത്തീൻ സഭയുടെ ദേവാലയങ്ങളിലും താൽക്കാ ലിക ഷെഡുകളിലും സ്കൂൾ ഹാളുക ളിലുമായിട്ടാണ് വി. കുർബ്ബാന അർപ്പിക്കുന്നത്. ഈ സെന്ററുകളെല്ലാം തന്നെ ഇടവകകളായി മാറേണ്ടതാണ്. അവിടെയെല്ലാം ദേവാലയങ്ങളും വൈദികർക്കു താമസിക്കാനുള്ള സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഇതിനെല്ലാം ആവശ്യമായ പണം കണ്ടെത്തുക വളരെ പ്രയാസമേറിയ കാര്യമാണ്. മിഷനു സ്വന്തമായി ഒരു സ്കൂൾ വേണമെന്ന ആഗ്രഹത്തിൽ 8 വർഷം മുൻപ് പണികൾ ആരംഭിച്ചു വെങ്കിലും ഇതുവരെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. എല്ലാവരുടെയും വലിയ ഒരു ആഗ്രഹമാണ് സഭയ്ക്ക് സ്വന്തമായൊരു സിമിത്തേരി. ജനങ്ങളുടെ സംഭാ വനകളിലൂടെ മാത്രം പണം കണ്ടെത്തി അതിനുള്ള സ്ഥലം വാങ്ങിയെങ്കിലും ആധുനിക രീതിയിലുള്ള ഒരു സെൽ മോഡൽ സിമിത്തേരി ഉണ്ടാകുവാനായി ഒത്തിരി യേറെ പണം കണ്ടെ

ത്തേണ്ടിയിരിക്കുന്നു. ചെന്നൈ മിഷന്റെ രജതജൂബിലി സ്മാരകമായി പലരുടെ സംഭാവനയിലൂടെ നിർമ്മാണം ആരംഭിച്ച സാന്തോം സ്നേഹതീരം സീനിയർ സിറ്റിസൺ ഹോമിന്റെ പണികളും നടന്നുകൊണ്ടിരിക്കു ന്നു. ദൈവകൃപയിൽ ആശ്രയിച്ചും ഉദാരമനസ്കരുടെ വിലയേറിയ സംഭാവ നകൾ വഴിയും എല്ലാം സാധ്യമാകും എന്ന പ്രതീക്ഷയാണ് എനിക്കുള്ളത്.

നമ്മുടെ രൂപതയുടെ ഒരു വലിയ മിഷനായി ചെന്നൈ മിഷനെ നമ്മൾ സ്വീകരിക്കണം. ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കാൻ എല്ലാ ഇടവകകളും കുടുംബങ്ങളും തയ്യാറാകണം. പുതുഞായറാഴ്ച (ഏപ്രിൽ 11) ചെന്നൈ മിഷൻ ഞായറായി നമ്മൾ നിശ്ചയിച്ചിരിക്കുന്നതാണല്ലോ. അന്നേ ദിവസം മിഷനെ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കുവാനും നിങ്ങളുടെ സംഭാ വനകൾ സന്തോഷപൂർവ്വം നല്കുവാനും നിങ്ങൾ സന്നദ്ധരാകണം. അന്നത്തെ കളക്ഷൻ മുഴുവൻ രൂപതാകേന്ദ്രത്തിൽ വേഗത്തിൽ എത്തിക്കു കയും വേണം.

ഞാൻ സ്ഥാനം ഒഴിയുന്നതിനുമുൻപേ ചെന്നൈയിൽ സീറോ മലബാർ സഭയ്ക്ക് സ്വന്തമായി ഒരു രൂപത ലഭിക്കുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരു ന്നു. ഈയിടെ സമാപിച്ച സി.ബി.സി. ഐ. മീറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ അധികം താമസിയാതെ ഡൽഹി, ബാംഗ്ലൂർ ഉൾപ്പെടെ ചെന്നൈയിലും സീറോമലബാർ സഭയ്ക്ക് രൂപത ഉണ്ടാകുമെന്ന പ്രതീക്ഷ വർദ്ധിച്ചിട്ടുണ്ട്. എന്റെ പിൻഗാമിയായി വരുന്ന അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവും രൂപത കുടുംബവും ആത്മാർത്ഥമായി ശ്രമിക്കു മെന്നും സഹകരിക്കുമെന്നും എനിക്ക് ഉറപ്പുണ്ട്. ദൈവകൃപയാൽ ചെന്നൈ മിഷനിൽ കഴിഞ്ഞ 27 വർഷ ങ്ങളിലൂടെ നേടിയ എല്ലാ വിജയങ്ങൾക്കും നിർലോഭം സഹകരിച്ച എല്ലാ വർക്കും പ്രത്യേകിച്ച് ത്യാഗപൂർണ്ണമായ രീതിയിൽ നേതൃത്വം നല്കിയ എല്ലാ അച്ചന്മാർക്കും ഞാൻ നന്ദി പറയുന്നു. ചെന്നൈ മിഷനെ നമ്മുടെ സ്വന്തമായികണ്ട് നമുക്ക് സഹായിക്കാം; അതിന്റെ ശോഭനമായ ഭാവിക്കു വേണ്ടി അദ്ധ്വാനിക്കാം. നമ്മുടെ രൂപതയുടെ ഭാഗത്തുനിന്ന് എല്ലാവിധ സഹായസഹകരണ ങ്ങളും സന്തോഷത്തോടെ നല്കാം. അതുവഴി ഒത്തിരി ദൈവകൃപ സ്വീകരിക്കാൻ നമുക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുകയും ചെയ്യുന്നു.

**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

NB:- ഈ സർക്കുലർ ഏപ്രിൽ 4 ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളിക ളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ J.P.

## കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തൊഴിൽ കാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം - 2010

*കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,*

അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ എല്ലാ വിധ മംഗളാശംസകളും നേരുന്നു. മരപ്പണിക്കാരനെന്നും (മാർക്കോ 6:3) മരപ്പണിക്കാരന്റെ മകനെന്നുമാണ് (മത്താ 13:55) യേശുവിനെ സ്വന്തം ഗ്രാമത്തിലെ ജനങ്ങൾ വിശേഷിപ്പിച്ചത്. അദ്ധ്വാനം വഴി തൊഴിലിനെയും തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ അനുഗ്രഹങ്ങൾ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്നു പ്രാർത്ഥിക്കുന്നു.

പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സത്യത്തിൽ സ്നേഹം എന്ന പ്രഥമ സാമൂഹിക ചാക്രികലേഖനം പുറ ത്തിറങ്ങിയത് ലോകമെങ്ങും സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി നിന്ന അവസരത്തിലായിരുന്നു. സമകാലിക ലോകസാഹചര്യങ്ങളുടെ നേർക്കാഴ്ചയും വിശകലനവും ഈ ചാക്രികലേഖനത്തിലുണ്ട്. അധാർമ്മികമായ സാമ്പത്തികപ്രവർത്തനങ്ങളാണ് ലോകത്തെ മുഴുവൻ തകർച്ചയിലേക്ക് നയിച്ചതെന്നു തിരിച്ചറിഞ്ഞ് ധാർമ്മികതയിൽ ഊന്നി നിന്നുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ പുനഃക്രമീകരിക്കാൻ ഈ ചാക്രികലേഖനത്തിലൂടെ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

ഈ വർഷത്തെ മെയ്ദിന സന്ദേശം തയ്യാറാക്കപ്പെട്ടിരിക്കുന്നത് സത്യത്തിൽ സ്നേഹം ഉയർത്തിയ ചിന്തകളുടെ അടിസ്ഥാനത്തിലാണ്. ദരിദ്രജനകോടികൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ മഹാപീഡനങ്ങളിൽ നിന്നും അവരെ മോചിപ്പിച്ച് മാനുഷിക സാഹചര്യങ്ങളിലേക്ക് ഉയർത്തുവാനുള്ള സമഗ്രവികസന പ്രവർത്തനങ്ങൾക്കുള്ള ആഹ്വാനമാണ് ഈ ചാക്രികലേഖനത്തിന്റെ മുഖ്യസന്ദേശം. ലോകമെങ്ങുമുള്ള ദരിദ്രർ സമ്പന്നരുടെ കതകുകളിൽ മുട്ടിക്കൊണ്ടിരിക്കുന്നു. സമ്പൽസമൃദ്ധിയുടെ ലോകം ആ മുട്ടലുകൾ കേൾക്കാതിരിക്കുന്ന അപകട സാധ്യതയിലാണ്. മാനുഷികമായതെന്തെന്നു തിരിച്ചറിയാൻ കഴിയാത്ത മനഃസാക്ഷി മൂലമാണ് അങ്ങനെ സംഭവിക്കുന്നത് (സത്യത്തിൽ സ്നേഹം 75). ലോകത്തിന്റെ സമഗ്രവികസനത്തിന് വ്യക്തികളുടെയും സമൂഹത്തിന്റെയും കാഴ്ചപാടുകളിൽ ഉണ്ടാകേണ്ട മാറ്റത്തെയാണ് മാർപാപ്പ വിവരിക്കുന്നത്.

സാമ്പത്തികമാന്ദ്യത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്നും സാമാന്യം വേഗത്തിൽ ഇന്ത്യക്കു പുറത്തുവരുവാൻ കഴിയുന്നുണ്ടെന്നാണ് സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാ നിരക്ക് 7.2% എന്നാണ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട സാമ്പത്തിക സർവ്വേ വ്യക്തമാക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിലും ഇന്ത്യക്ക് അഭിമാനാർഹമായ വളർച്ചാ നിരക്ക് കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ ഈ പുരോഗതി സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കാൻ പരാജയപ്പെട്ടിരിക്കയാണെന്ന് സാമ്പത്തിക സർവ്വെ തന്നെ വെളിവാക്കുന്നു. ഇന്ത്യയിലെ 65% ജനങ്ങളും നിത്യവൃത്തിക്ക് ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. (മത്സ്യബന്ധനവും മൃഗപരിപാലനവും ഇതിൽ ഉൾപ്പെടുന്നു) ഈ മേഖലയിലെ വളർച്ചാനിരക്ക് മൈനസ് 0.2 % ആണ്. അതായത് വളർച്ച ഉണ്ടായില്ലെന്നു മാത്രമല്ല താഴേക്കു പോകുകയും ചെയ്തിരിക്കുന്നു. ഇതു മൂലം അടിസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിലില്ലായ്മയും ദാരിദ്ര്യ വും പട്ടിണിയും അഭൂതപൂർവ്വമായ വിധത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ധാന്യങ്ങളുടെയും ഇതര ഭക്ഷ്യ വസ്തുകളുടെയും വിലക്കയറ്റം സർവ്വകാല റെക്കോർഡാണ് സാമ്പത്തികസർവ്വെ തന്നെ സൂചിപ്പിക്കുന്നത്

വികസനം മുഴുവൻ മനുഷ്യനെയും ഓരോ മനുഷ്യനെയും ഉൾക്കൊള്ളുന്നില്ലെങ്കിൽ അത് സത്യസന്ധമായ വികസനമല്ല (സത്യത്തിൽ സ്നേഹം 18) എന്നാണ് പരിശുദ്ധ പിതാവ് ഉത്ബോധിപ്പിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യവികസന സൂചികാ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം വീണ്ടും താഴെക്കുവന്നു 134 ആയി. രാജ്യത്തിന് 9.2% വളർച്ചാനിരക്കുള്ളപ്പോഴുള്ള വിവരങ്ങൾ വിലയിരുത്തിയിട്ടുള്ള കണക്കാണിതെന്നു ഓർക്കണം. വികസനം ചുരുക്കം ചില പോക്കറ്റുകളിലേക്ക് ഒതുങ്ങുന്നതിനെ മാർപാപ്പ നിശിതമായി വിമർശിക്കുന്നുണ്ട്.

ദേശീയ ഉത്പാദന വളർച്ച മാത്രമല്ല വികസനം. വികസനത്തിന്റെ കേന്ദ്രസ്ഥാനം മനുഷ്യനാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ യഥാർത്ഥ ജീവിതാവസ്ഥകളെ മെച്ചപ്പെടുത്താനും ഈ ജനതയ്ക്ക് ദാരിദ്ര്യം മൂലം ഇപ്പോൾ നിർവ്വഹിക്കാൻ കഴിയാത്ത കാര്യങ്ങൾ നിർവ്വഹിക്കാനും അവരെ പ്രാപ്തരാക്കണം (സത്യത്തിൽ സ്നേഹം 47). വ്യക്തിയുടെ മഹത്വവും നീതിയുടെ ആവശ്യങ്ങളും പ്രത്യേകിച്ച് ഇന്നൊരു കാര്യം ആവശ്യപ്പെടുന്നുണ്ട്. അതായത് അമിതവും ധാർമ്മികവുമായി അംഗീകരിക്കാനാവാത്തതുമായവിധം അസമത്വങ്ങൾ വർദ്ധിക്കാൻ സാമ്പത്തിക തെരഞ്ഞെടുപ്പുകൾ കാരണമാകരുത്... ഒരു രാജ്യത്തിനുള്ളിലും വ്യത്യസ്ത രാജ്യങ്ങളിലെ ജനതകൾ തമ്മിലും സാമൂഹിക അസമത്വം വ്യവസ്ഥാപിതമാംവിധം വളരുന്നതിലൂടെ (അതായത്, ആപേക്ഷിക ദാരിദ്ര്യത്തിൽ

വൻതോതിൽ വർദ്ധനവുണ്ടാകുന്നതിലൂടെ) സാമൂഹിക സമന്വയത്തിനു മുറിവേല്ക്കുന്നു. അങ്ങനെ ജനാധിപത്യക്രമം അപകടസ്ഥിതിയിലാകുന്നു (സത്യത്തിൽ സ്നേഹം, 32).

2005 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 45.7 കോടി തൊഴിലാളികൾ ഉണ്ട്. ഇവരിൽ 93% പേർ അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ എന്നല്ല അസംഘടിത തൊഴിലാളികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആവശ്യമായ സാമൂഹിക സുരക്ഷയോ ക്ഷേമപദ്ധതികളോ തൊഴിൽ അവകാശങ്ങളോ സംലഭ്യമല്ലാത്തവരെയാണ് അസംഘടിത തൊഴിലാളികൾ എന്നു വിശേഷിപ്പിക്കുന്നത്. സ്വാഭാവികമായും ഭരണാധികാരികളെ സ്വാധീനിക്കാൻ പറ്റിയ വിധത്തിൽ സംഘടനയോ വിലപേശൽ ശക്തിയോ നേതൃത്വമോ ഇല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ. ചെറുകിടകർഷകർ (അഞ്ചേക്കറിൽ താഴെ കൃഷിയിടമുള്ളവർ) കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ തുടങ്ങി നൂറിൽപരം തൊഴിൽ ഗ്രൂപ്പുകളെ കേന്ദ്രസർക്കാർ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംഘടിത മേഖലയിലെ കാഷ്വൽ കോൺട്രാക്ട് ജോലിക്കാരെയും അസംഘടിത തൊഴിലാളികളായിട്ടാണ് പരിഗണിക്കുന്നത്. സാമൂഹിക സുരക്ഷയോ ന്യായമായ വേതനമോ ഇല്ലാതെ തൊഴിലെടുക്കുന്ന താത്കാലീക അദ്ധ്യാപകർ, ഗ്രാമീണ പത്രപ്രവർത്തകർ (സ്ട്രിംഗർമാർ), ആശുപത്രിയിലെ താത്കാലിക ജീവനക്കാർ, എം പാനൽ ജീവനക്കാർ തുടങ്ങിയ നിരവധി വിഭാഗങ്ങളെ അസംഘടിത തൊഴിലാളികളിൽ ഉൾപ്പെടുത്താം. ഈ വിഭാഗത്തിന്റെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരികയാണ്.

പുതിയ ലോക സമ്പദ്ക്രമത്തിൽ വളർച്ചയുടെ ലാഭം കൂട്ടുന്നതിനായി തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പദ്ധതികളെ ഇല്ലാതാക്കുന്നതോ കുറയ്ക്കുന്നതോ ആയ പ്രവണതകൾ ലോകമെങ്ങും വർദ്ധിച്ചു വരുന്നതായി മാർപാപ്പ വിലയിരുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം സാമൂഹിക ക്ഷേമ മേഖലകളെ ചുരുക്കുന്നതും തൊഴിലാളി യൂണിയനുകളുടെ വിലപേശൽ ശക്തിയെ ഇല്ലാതാക്കുന്നതും ശരിയല്ലെന്നാണ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നത്; ശക്തമായ തൊഴിലാളി സംഘടനകൾ ഉണ്ടെങ്കിൽ മാത്രമേ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാകുകയുള്ളൂ. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന തൊഴിലാളി സംഘടനകളെ വളർത്തണമെന്ന ആഹ്വാനം, ഇന്ന് കഴിഞ്ഞ കാലങ്ങളേക്കാൾ കൂടുതലായി ആദരിക്കപ്പെടണം (സത്യത്തിൽ സ്നേഹം 25).

കേരളത്തിലെ തൊഴിൽ ശക്തിയിലെ 85% പേരെങ്കിലും അസംഘടിത തൊഴിലാളികളാണ്. ഇവരുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി വേണ്ടപ്രകാരമുള്ള ശ്രമങ്ങൾ ദേശീയ ട്രേഡ് യൂണിയനുകൾ എടുക്കുന്നില്ലായെന്നതാണ് വസ്തുത. പല അസംഘടിത മേഖലകളിലും ട്രേഡ് യൂണിയനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷേ ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമവും വികസനവും എന്നതിനപ്പുറം മുദ്രാവാക്യം വിളിക്കാനും ജാഥ നടത്താനുമുള്ള അണികളെ സൃഷ്ടിക്കാനുള്ള ശ്രമമാണോയെന്ന് സംശയിക്കാനുള്ള സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. നിർമ്മാണരംഗം പോലെയുള്ള ചില മേഖലകളിൽ ട്രേഡ് യൂണിയനുകൾ തൊഴിലിന്റെ കുത്തകക്കാരായി മാറിക്കൊണ്ട് യഥാർത്ഥ തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുന്ന പ്രവണതകളും വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വത്തിന്റെ കുത്തകയും ട്രേഡ് യൂണിയനുകൾ ഏറ്റെടുത്തുകൊണ്ട് അർഹതയുള്ളവരെ ഒഴിവാക്കുന്ന രീതിയും കണ്ടുവരുന്നു. ഇത്തരം തെറ്റായ രീതികൾ തിരുത്തേണ്ടിയിരിക്കുന്നു.

അസംഘടിത തൊഴിലാളി വിഭാഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനുമുള്ള മൗലികമായ സമീപനങ്ങളും ശ്രമങ്ങളും ഇന്ന് രൂപപ്പെടുന്നില്ലായെന്നത് ആശങ്കാജനകമാണ്. ഈ ജനുവരി ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ടിട്ടുള്ള ആസിയാൻ കരാർ ഇന്ത്യയിലെ വ്യവസായ സേവന മേഖലകൾക്ക് വളരെയേറെ ഗുണം ചെയ്യുന്ന ഒന്നായിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതിന്റെ വില നല്കേണ്ടിവരുന്നത് കർഷക സമൂഹമാണ്. പക്ഷേ, ഈ പ്രതിസന്ധി പരിഹരിക്കാൻ തക്കവിധത്തിലുള്ള ക്രിയാത്മക സമീപനം ബന്ധപ്പെട്ട സർക്കാരുകളുടെ ഭാഗത്ത് നിന്നും ഇനിയും ഉണ്ടായിട്ടില്ലായെന്നത് ഖേദകരമാണ്. വലിയ പ്രതീക്ഷയോടെ പ്രവർത്തനം തുടങ്ങിയ കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഇഴഞ്ഞുനീങ്ങുകയാണ്. ഇക്കാര്യത്തിൽ അവശ്യമായ ഇടപെടൽ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

മത്സ്യമേഖലയിലും ആസിയാൻ കരാർ വഴി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തക്കവിധത്തിലുള്ള പാക്കേജുകൾ സർക്കാർ തയ്യാറാക്കി നടപ്പിലാക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട കടൽമത്സ്യബന്ധന നിയന്ത്രണപരിപാലന നിയമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നിരവധി വകുപ്പുകൾ ഉണ്ട്. ഇതിൽ വേണ്ട തിരുത്തലുകൾ വരുത്തി മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ ട്രേഡ് യൂണിയൻ പ്രവർത്തനം സ്വന്തം അണികളുടെ ക്ഷേമത്തിനുവേണ്ടി മാത്രമുള്ളതാക്കി ചുരുക്കുന്നതിനെ മാർപാപ്പ അപലപിക്കുന്നുണ്ട്. തൊഴിലിന്റെ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പരിപ്രേക്ഷ്യങ്ങളോട് തൊഴിലാളി യൂണിയനുകൾ തുറവുള്ളതായിരിക്കുകയെന്നത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു ഓർമ്മിക്കുക സമുചിതമാണ്.... ദേശീയ തൊഴിലാളി യൂണിയനുകൾ അവയിൽ രജിസ്ട്രർ ചെയ്തിട്ടുള്ള അംഗങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിൽ സ്വയം പരിമിതപ്പെടുത്താനുള്ള പ്രവണത കാണിക്കുകയാണ്, അവർ യൂണിയനിൽ അംഗമല്ലാത്തവരുടെയും കാര്യത്തിൽ താത്പര്യം കാണിക്കണം: പ്രത്യേകിച്ചു സാമൂഹികവകാശങ്ങൾ മിക്കപ്പോഴും ലംഘിക്കപ്പെടുന്ന വികസ്വര രാജ്യങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ താത്പര്യം കാണിക്കണം (സത്യത്തിൽ സ്നേഹം 64).

നോക്കുകൂലി പോലെയുള്ള അനാശാസ്യപ്രവണതകൾക്കെതിരെ ട്രേഡ് യൂണിയൻ നേതൃത്വം മുന്നോട്ടു വന്നിട്ടുള്ളത് സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ പ്രഖ്യാപിക്കുന്ന കാര്യങ്ങൾ സത്യസന്ധത യോടെയും ആർജ്ജവത്തോടെയും നടപ്പിലാക്കാനുള്ള ദൃഢനിശ്ചയം ട്രേഡ് യൂണിയൻ നേതൃത്വം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. മൂന്നാർ വിവാദങ്ങളുടെ മദ്ധ്യത്തിൽ ട്രേഡ് യൂണിയനുകൾക്ക് ധാർമ്മികത വേണ്ട എന്നുവരെയുള്ള അഭിപ്രായങ്ങളും ഉയരുകയുണ്ടായി. എല്ലാ മണ്ഡലങ്ങളിലും ധാർമ്മികതയുടെ ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ യഥാർത്ഥത്തിലുള്ള വികസനം സാധ്യമാകുകയുള്ളൂ എന്നാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത്. അസംഘടിത തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുവെ തന്നെ സമൂഹത്തിൽ അവബോധം വർദ്ധിച്ചുവരുന്നുണ്ട്. തദനുസരണം ഈ വിഭാഗത്തിന്റെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി പല പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ ഇവ തൊഴിലാളികളിലേക്ക് വേണ്ടവിധത്തിൽ എത്തിച്ചേരുന്നില്ലായെന്നതാണ് വസ്തുത. സർക്കാരുകൾ ആവഷ്കരിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ എല്ലാ തൊഴിലാളികളിലേക്കും എത്തിക്കുന്ന ചാലകശക്തിയായിക്കൂടി ട്രേഡ് യൂണിയനുകൾ മാറണം. ഇതാണ് ട്രേഡ് യൂണിയനുകളുടെ മുന്നിൽ ഉയർത്തപ്പെടുന്ന വെല്ലുവിളി.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ് തൊഴിൽ. അതുകൊണ്ട് തൊഴിൽ ഒരു ദിവ്യമായ കർമ്മമാണ്. ധാർമ്മികതയുടെ മാനദണ്ഡം കൂടിയുണ്ട് തൊഴിലിന്. തൊഴിലാളികൾ തങ്ങളുടെ കടമകളെപ്പറ്റി കുറച്ചുകൂടി ബോദ്ധ്യമുള്ളവരായി മാറണം. ഏതു തൊഴിലും സാമൂഹിക സേവനമാണ്. സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാത്ത

തൊഴിൽ പൂർണ്ണതയില്ലാത്തതാണ്. ഇതുമൂലം തൊഴിൽ സംസ്കാരത്തിനും മൂല്യച്യുതി വരുന്നു.

കെ.സി.ബി.സി. ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ്-കെ.എൽ.എം.-വഴിയാണ് കേരള കത്തോലിക്കാ സഭ തൊഴിൽമേഖലയിൽ പ്രവർത്തിച്ചുവരുന്നത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമാണ് കെ.എൽ.എം. പ്രധാനമായും ശ്രദ്ധ കൊടുത്തുവരുന്നത്. അദ്ധ്വാനത്തിന്റെ ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്കാരം വ്യാപിപ്പിക്കുക, സമകാലിക, സാമൂഹിക - സാമ്പത്തിക - സാംസ്കാരിക സാഹചര്യങ്ങൾ തൊഴിലാളികൾക്ക് മുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ അവരെ ശക്തീകരിക്കുക, തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം വളർത്തുക, സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളായി എല്ലാ തൊഴിലാളികളെയും മാറ്റുക, തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹികജീവിതത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുകയും ചെയ്യുക എന്നിവയാണ് കെ.എൽ.എംന്റെ പ്രധാന പ്രവർത്തന പദ്ധതികൾ.

തൊഴിലാളികളുടെ ശക്തീകരണത്തിന് ഏറ്റവും ഉചിതമായ മാർഗമായിട്ടാണ് സ്വയംസഹായസംഘങ്ങൾ അഥവാ എസ്സ്.എച്ച്.ജി.കളെ മാർപാപ്പ ചാക്രികലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. (സത്യത്തിൽ സ്നേഹം 65). തൊഴിലാളികൾ എസ്.എച്ച്.ജി.കളിലൂടെ പ്രവർത്തിച്ച് സാമ്പത്തീകം ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ അഭ്യുന്നതി പ്രാപിക്കണം. തൊഴിലാളി ഫോറങ്ങൾ വഴി വിവിധ വിഭാഗം തൊഴിലാളികൾ സംഘടിതരായി മാറണം. എല്ലാ ഇടവകകളിലും തൊഴിലാളി എസ്.എച്ച്.ജികളും തൊഴിലാളി ഫോറങ്ങളും രൂപീകരിച്ച് കെ.എൽ.എം. നെ ശക്തിപ്പെടുത്തണം.

ഭരണനിർവ്വഹണരംഗത്ത് തൊഴിലാളികളുടെ സജീവപങ്കാളിത്തം ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ തൊഴിലാളികൾ ക്രിയാത്മക പങ്കാളിത്തം വഹിക്കണം. അടുത്തു നടക്കുന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പുകളിൽ തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളി കേന്ദ്രീകൃത വികസനപദ്ധതികൾ ഗ്രാമപഞ്ചായത്ത് തലങ്ങൾ മുതൽ പ്രാരംഭം കുറിക്കാൻ സാധിക്കുകയുള്ളൂ. അതിനുചിതമായ വിധത്തിൽ തൊഴിലാളികൾക്ക് പരിശീലനം ഏർപ്പെടുത്തണം.

എല്ലാ തൊഴിലാളികളെയും സർക്കാർ ക്ഷേമനിധികളിൽ അംഗങ്ങളാക്കാനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. കൂടാതെ ചികിത്സ ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, പെൻഷൻ പദ്ധതി എന്നിവയുടെയും ഗുണഭോക്താക്കളാക്കേണ്ടിയിരിക്കുന്നു. തൊഴിലാളി സാമൂഹിക സുരക്ഷാക്ഷേമപദ്ധതികളെ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് വേണ്ട സഹായങ്ങളും മാർഗനിർദ്ദേശങ്ങളും നല്കാൻ കെ.എൽ. എം.ന്റെ നേതൃത്വത്തിൽ എറണാകുളത്ത് വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വർഷാവസാനത്തോടെ കേരളത്തിലെ മറ്റു കേന്ദ്രങ്ങളിൽകൂടി വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം തുടങ്ങുവാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിൽ സഭാസ്ഥാപനങ്ങൾ, ഇടവകകൾ, കോൺവെന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ സാമൂഹിക സുരക്ഷയ്ക്കായുള്ള പദ്ധതി നടപ്പിലാക്കാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി അംഗീകാരം നല്കിയിട്ടുണ്ട്. കെ.എൽ.എം. നെയാണ് ഈ ചുമതല കെ.സി.ബി.സി. ഏല്പിച്ചിരിക്കുന്നത്. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തുല്യവിഹിത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ചികിത്സാസഹായം, അപകടസഹായം,. പെൻഷൻ, മരണാനന്തരസഹായം എന്നിവ ഉണ്ടാകുന്നതാണ്. സുരക്ഷ എന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ രൂപതാകാര്യാലയങ്ങളിൽ അറിയിക്കുന്നതാണ്. ഈ വർഷത്തെ തൊഴിലാളി ദിനത്തിൽ ഈ പദ്ധതി ഔപചാരികമായി ആരംഭിക്കുന്നതാണ്.

ക്രൈസ്തവസഭ നടത്തിവരുന്ന എല്ലാ സാമൂഹിക ശുശ്രൂഷകളും (വിദ്യാഭ്യാസം, ആതുരശുശ്രൂഷ തുടങ്ങിയ എല്ലാം തന്നെ) സമസ്ത ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. അതിൽ ജാതിയുടേയോ മതത്തിന്റേയോ പ്രദേശത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ അതിർവരമ്പുകളില്ല. ഇതുപോലെ തന്നെയാണ് സഭയുടെ തൊഴിൽ രംഗത്തെ ഇടപെടലും ശുശ്രൂഷയും. ക്രൈസ്തവസഭയുടെ സാന്നിദ്ധ്യം വഴി കൂടുതൽ ശ്രദ്ധയും കരുതലും തൊഴിലാളികൾക്ക് സംലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു.

ദൈവത്തെ കൂടാതിരുന്നാൽ മനുഷ്യന് ഏതു വഴിയെ പോകണമെന്നറിയില്ല. താൻ ആരാണെന്നു അവനു മനസ്സിലാകുകപോലുമില്ല... ദൈവത്തെ ഒഴിവാക്കുന്ന മാനവികത മനുഷ്യത്വമില്ലാത്ത മാനവികതയാണ് (സത്യത്തിൽ സ്നേഹം 78). പരസ്പരവിദ്വേഷത്തിന്റെയല്ല സ്നേഹത്തിലുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും വക്താക്കളും പ്രവർത്തകരുമാകാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു.

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യത്തിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിക്കുന്നു. ഒരിക്കൽ കൂടി എല്ലാ തൊഴിലാളികൾക്കും മെയ്ദിനാശംസകൾ നേരുന്നു.

**മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ**

**Birth Days**

April 1. Rev Fr. Joji Kallingal
Rev. Fr. Thomas D. Maliekal
Rev. Fr. Jino Malakaran
April 2. Rev. Fr. Pauly Pudussery
April 5. Rev. Fr. Davis Kalapurackal
Rev. Fr. Jaison Karippai
April 7. Rev. Fr. John Thekkethala
April 8. Rev. Fr. Antony Mukkattu
April 9. Rev. Fr. George Palamattom
April 11.Rev. Fr. Antony Chittilappilly
April 16.Rev. Fr. Jijo Chakkiath
April 22. Rev. Fr. Siby Kottackal
April 24.Rev. Fr. Wilson Erathara
April 27.Rev. Fr. Seby Kanjilassery
April 29.Rev. Fr. Seejo Irimpan

**Feast Days**

April 24
Rev. Fr. Varghese Aricatt (Sr.)
Rev. Fr. Varghese Aricatt (Jr.)
Rev. Fr. Varghese Chalissery
Rev. Fr. George Chirammel
Rev. Fr. Wilson Erathara
Rev. Fr. Sunny Kalampanathadathil
Rev. Fr. George Kandamkulathi
Rev. Fr. Manoj Karippai
Rev. Fr. Joju Kokkatt
Rev. Fr. Lijo Kongoth
Rev. Fr. Varghese Konthuruthy
Rev. Fr. Joemon Koonan
Rev. Fr. Siby Kottackal
Rev. Fr. Lindo Kuttikadan
Rev. Fr. George Maliekal
Rev Fr. Varghese Maliekal
Rev. Fr. George Mangalan
Rev. Fr. Joy Nellissery
Rev. Fr. George Palamattom
Rev. Fr. Varghese Palathingal
Rev. Fr. Nijo John Pallai
Rev. Fr. Freejo Parackal
Rev. Fr. George Pareman
Rev. Fr. Varghese Pereppadan
Rev. Fr. George Plassery
Rev. Fr. Johnson Tharayil
Rev. Fr. Varghese Thettayil
Rev. Fr. Varghese Vadakkepeedika
Rev. Fr. Jolly Vadakkan
Rev. Fr. Varghese O. Vazhappilly
Rev. Fr. George Vezhaparambil
Rev. Fr. George Kalan
Rev. Fr. Varghese Pathadan

**ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!**

287/10
20/03/10

# സർക്കുലർ

*2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോമലബാർ സഭാ മെത്രാന്മാരുടെ 18-ാമത് സിനഡിന്റെ ആദ്യ സമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കുംവേണ്ടി മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ*

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭയുടെ 18-ാമത്തെ സിനഡിന്റെ ആദ്യസമ്മേളനം 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരെയും അറിയിക്കുന്നതിന് എനിക്കേറെ സന്തോഷമുണ്ട്. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം മെത്രാന്മാർ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചും വിശുദ്ധ കുർബ്ബാന അർപ്പിച്ചും സിനഡിന് ആത്മീയമായി ഒരുങ്ങുകയും ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തു. ബിജ്നോർ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോൺ വടക്കേൽ സി. എം. എം. ഉൾപ്പടെ 36 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. എന്റെ രോഗാവസ്ഥയിൽ വിവരങ്ങൾ അന്വേഷിച്ചും ആശ്വാസവചനങ്ങൾ അറിയിച്ചും പ്രാർത്ഥിച്ചും എന്നെ സഹായിച്ച നിങ്ങളെല്ലാവരോടും ഞാൻ നന്ദി പറയുന്നു. ഇനിയും നിങ്ങളുടെ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ സിനഡിലെ തീരുമാനങ്ങളും മറ്റും സർക്കുലർ വഴി നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് വൈദികവർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ സഭയിലെ രൂപതാവൈദികരുടെയും സന്യാസവൈദികരുടെയും പ്രതിനിധിസമ്മേളനം സഭാകേന്ദ്രത്തിൽവച്ച് നടത്തുകയുണ്ടായി. സഭയിൽ ഒരുമയുടെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്താൻ ഈ സമ്മേളനം ഉപകരിച്ചു എന്ന് സിനഡ് വിലയിരുത്തി. ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ ആയിരുന്ന ആർച്ച് ബിഷപ്പ് പെദ്രൊ ലോപ്പസ് ക്വിന്താന കാനഡായിലേയ്ക്ക് സ്ഥലം മാറിപ്പോയ വിവരം നിങ്ങളറിഞ്ഞിരിക്കുമല്ലോ. സീറോ മലബാർ സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ നമുക്ക് നന്ദിയോടെ ഓർക്കാം.

പൗരസ്ത്യ സഭകളിലെ പാത്രിയാർക്കീസുമാരുടെയും മേജർ ആർച്ച്ബിഷപ്പുമാരുടെയും ഒരു സമ്മേളനം ഇക്കഴിഞ്ഞ സെപ്തംബർ

മാസത്തിൽ പരിശുദ്ധ പിതാവ് വിളിച്ചുകൂട്ടിയിരുന്നു. ഞാനും അതിൽ സംബന്ധിക്കുകയുണ്ടായി. തദവസരത്തിൽ, ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷയ്ക്കും പ്രേഷിതപ്രവർത്തനത്തിനും സീറോമലബാർ സഭയ്ക്കുള്ള ചുമതലയും അവകാശവും സംബന്ധിച്ച കാര്യങ്ങൾ ഞാൻ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ മനോഭാവമാണ് പരിശുദ്ധ പിതാവിനുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അനുകൂലസാഹചര്യങ്ങൾ നിലവിലുള്ള വിദേശരാജ്യങ്ങളിൽ വസിക്കുന്ന സീറോമലബാർ സഭാംഗങ്ങൾക്ക് ആവശ്യമായ അജപാലനശുശ്രൂഷ ലഭ്യമാക്കുന്നതിന് വൈദികരെ അയയ്ക്കാൻ നാം ശ്രദ്ധിക്കുന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ പ്രതികൂലസാഹചര്യങ്ങൾ പരിഹരിക്കാനും ക്ഷമാപൂർവ്വം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതോടൊപ്പം ആഴമായ പ്രേഷിത ചൈതന്യമുള്ള വൈദികരെ രൂപപ്പെടുത്തുന്നതിനും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ചും സിനഡ് ഗൗരവവായി ചർച്ച ചെയ്യുക്കയുണ്ടായി. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ തീവ്രമായ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

പ്രവാസികളുടെയിടയിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യക്തമായ സഭാത്മക കാഴ്ചപ്പാടോടെ തങ്ങളുടെ ശുശ്രഷ നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ബന്ധപ്പെട്ട കമ്മീഷന്റെ സഹകരണത്തോടെ സിനഡ് ശ്രദ്ധിക്കുന്നതാണ്. ഈ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ശക്തവും വിപുലവുമാക്കുന്നതിനുള്ള നടപടികളും സിനഡ് സ്വീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ അജപാലശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൽ കമ്മീഷൻ നല്കിയിട്ടുണ്ട്. സുവിശേഷവൽക്കരണത്തിന്റെയും പ്രവാസികളായ സഭാംഗങ്ങളുടെ അജപാലനത്തിന്റെയും ചുമതലയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ബന്ധപ്പെട്ട രൂപതാ ഡയറക്ടർമാരുടെയും സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും ഒരു സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം വളരെ ഫലപ്രദമായ ഒന്നായിരുന്നു എന്നാണ് വിലയിരുത്തപ്പെട്ടത്.

**വൈദികവിദ്യാർത്ഥികളുടെ പരിശീലനം**

വൈദികാർത്ഥികളുടെ പരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമായി സിനഡു പിതാക്കന്മാർ ചർച്ച ചെയ്യുകയുണ്ടായി.

സഭാശാസ്ത്രവിഷയങ്ങളിൽ, പ്രത്യേകിച്ച് ബൈബിളിൽ കൂടുതൽ ആഴവും സമഗ്രവുമായ അറിവും ബോധ്യവും ഉത്സാഹവും വൈദികാർത്ഥികൾക്ക് ഉണ്ടാകത്തക്കവിധം സെമിനാരിപരിശീലനം മെച്ചപ്പെടുത്തേണ്ടതു ആവശ്യമാണ്. ദൈവവചനവ്യാഖ്യാനത്തിൽ ഇന്നു നേരിടുന്ന വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം ബൈബിൾജ്ഞാനം വൈദികവിദ്യാർത്ഥികൾക്കുണ്ടാകണം. സഭയോടും സഭാപാരമ്പര്യത്തോടും ബന്ധപ്പെടുത്തിയായിരിക്കണം ബൈബിൾ പഠനം നടക്കേണ്ടത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സെമിനാരി പ്രൊഫസേഴ്സ് അർപ്പണബോധത്തോടെ സ്വയം ഒരുങ്ങണമെന്നും അതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്നും പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളി**

2010 ആഗസ്റ്റ് 20-22 തിയ്യതികളിൽ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളി നടക്കുന്നുവെന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. അസംബ്ലിയുടെ ചർച്ചാവിഷയത്തെ സംബന്ധിച്ച് രൂപതകളിൽനിന്നും വ്യക്തികളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 'വിശ്വാസം ജീവന്റെ സംരക്ഷണത്തിൽ' എന്ന വിഷയമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്. അസംബ്ലിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്. അസംബ്ലിയുടെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

**ആരാധനക്രമഗ്രന്ഥങ്ങൾ**

വിശുദ്ധ കുർബ്ബാനയിലെ പ്രോപ്രിയാ പ്രാർത്ഥനകൾ മൂന്നു വർഷത്തെ പരീക്ഷണാർത്ഥമുള്ള ഉപയോഗത്തെത്തുടർന്ന് തിരഞ്ഞെടുക്കപ്പെട്ടവ ഉൾപ്പെടുത്തി പുതിയ കുർബ്ബാനപ്പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വിശുദ്ധ കുർബ്ബാനയിലെ സജീവ പങ്കാളിത്തത്തിന് ഈ നവീകരണം സഹായകമാകുമെന്ന് ഞാൻ കരുതുന്നു. കൂടാതെ, പീഡാനുഭവവാര തിരുക്കർമ്മങ്ങളുടെയും സന്യാസ പ്രഥമ വ്രതവാഗ്ദാനക്രമത്തിന്റെയും നിത്യവ്രതവാഗ്ദാനക്രമത്തിന്റെയും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമർപ്പണക്രമത്തിന്റെയും ടെക്സ്റ്റുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നതും സന്തോഷകരമായ കാര്യമാണ്. ഇവയും യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

**പുതിയ രൂപതകളും മെത്രാന്മാരും**

ഏറെ സന്തോഷകരമായ മറ്റൊരു കാര്യം സീറോ മലബാർ സഭയ്ക്ക്

രണ്ടു പുതിയ രൂപതകളും ആറ് പുതിയ മെത്രാന്മാരും ഉണ്ടായി എന്നുള്ള താണ്. പാലക്കാട്, മാനന്തവാടി എന്നീ രൂപതകൾ വിഭജിച്ച് യഥാക്രമം രാമനാഥപുരം, മാണ്ഡ്യ എന്നീ രണ്ടു പുതിയ രൂപതകൾക്കൂടി ഉണ്ടായി രിക്കുന്നു. പുതിയ രൂപതകളുടെ ഇടയന്മാരായി യഥാക്രമം മാർ പോൾ ആലപ്പാട്ട്, മാർ ജോർജ്ജ് ഞരളക്കാട്ട് എന്നീ രണ്ടു മെത്രാന്മാരും നിയമി തരായിരിക്കുന്നു. 75 വയസ്സുതികഞ്ഞ താമരശ്ശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളിയും, ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിലും സഭാനിയമപ്രകാരം സഭാഭരണത്തിൽനിന്ന് വിരമിക്കുകയാണ്. തൽസ്ഥാ നങ്ങളിലേയ്ക്ക് യഥാക്രമം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മാർ പോളി കണ്ണൂക്കാടനും നിയമിതരായിരിക്കുന്നു. കൂടാതെ തൃശൂർ അതിരൂ പത സഹായമെത്രാനായി മാർ റാഫേൽ തട്ടിലും ആദ്യത്തെ കൂരിയ മെത്രാ നായി മാർ ബോസ്കോ പുത്തൂരും നിയമിതനായിരിക്കുന്നു. പുതിയ രൂപ തകൾക്കും മെത്രാന്മാർക്കും വിരമിക്കുന്ന പിതാക്കന്മാർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭയുടെ ശരിയായ വളർച്ചയ്ക്ക് ഇവ ഉപകരി ക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

N.B. ഈ സർക്കുലർ 2010 ഏപ്രിൽ 11 ഞായർ എല്ലാ പള്ളികളിലും, സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

## സോഷ്യൽ ആക്ഷൻ

**മാർച്ച് മാസത്തെ പ്രോഗ്രാമുകൾ**

1 ICM State Review Meeting (IDEA Co-ordination Meeting)
2 32 പ്രാദേശിക സോഷ്യൽ ആക്ഷൻ യൂണിറ്റ് ഭാരവാഹികളുടെ യോഗം
3 IDEA State Review Meeting
4 പുത്തൻചിറ, എടതിരിഞ്ഞി, കരോട്ടുകര എന്നിവിടങ്ങളിൽ സാരി ഡിസൈനിങ്ങിൽ E.D.P. Training
5 Management Information System (MIS)ൽ ട്രെയിനിംഗ് രാവിലെ 10ന്
6 Village Orientation Seminar
7 സാങ്കേതിക വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിപ്രകാരം തിരഞ്ഞെ ടുക്കപ്പെട്ട വിദ്യാർത്ഥികളുടെ മീറ്റിംഗ് ഏപ്രിൽ 10-ാം തിയ്യതി ശനി യാഴ്ച രാവിലെ 10ന് സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്നു.

**ഫാ. ജോസ് പാലാട്ടി**
ഡയറക്ടർ

# കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യ (സി.ബി.സി.ഐ)

### 29-ാം ജനറൽ ബോഡി മീറ്റിംഗിന്റെ പ്രസ്താവന

## യുവജനം: "സമാധാനത്തിനും സമന്വയത്തിനും"

ഗോഹാത്തി 2010 ഫെബ്രുവരി 24 - മാർച്ച് 3

1. യുവജനം: "സമാധാനത്തിനും സമന്വയത്തിനും" എന്ന വിഷയത്തെക്കുറിച്ചു ചിന്തിക്കാനും പ്രാർത്ഥിക്കാനുമായി ഞങ്ങൾ 157 കത്തോലിക്കാ മെത്രാൻമാർ, ഗോഹാത്തിയിലെ ഡോൺ ബോസ്ക്കോ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ അജഗണത്തെ പരിപാലിക്കാൻ ഞങ്ങൾക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചുള്ള തീവ്രബോധത്താൽ പ്രബുദ്ധരായി, 2010 ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ, ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസിന്റെ 29-ാം ജനറൽ ബോഡി സമ്മേളനം നടത്തി. ദൈവിക പരിപാലനയാൽ അന്താരാഷ്ട്ര യുവജനവർഷാചരണത്തിന്റെ സിൽവർ ജൂബിലിയാഘോഷവും (1985 - 2010) ഈ സമ്മേളനവും ഒത്തുവന്നു. സിബിസിഐ കമ്മീഷൻ സെക്രട്ടറിമാർ, നാഷണൽ സെന്ററുകളുടെ ഡയറക്ടർമാർ, ഭാരതീയ സന്യസ്തരുടെ കോൺഫ്രൻസിന്റെയും ഭാരതീയ കാത്തലിക് കൗൺസിലിന്റെയും ചില ഭാരവാഹികൾ, ഇൻഡ്യൻ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ (ഐസിവൈഎം) നാഷണൽ ഡയറക്ടർ, ഇൻഡ്യയിലെ 13 റീജിയനുകളിൽനിന്നുള്ള 51 യുവപ്രതിനിധികൾ എന്നിവരും ഈ സമ്മേളനത്തിൽ പങ്കെടുത്തു.

2. ഈ സമ്മേളനത്തിന്റെ ചിന്താവിഷയം ഇന്നു പ്രസക്തമാണെന്നത് സുവ്യക്തമാണ്. കാരണം, നമ്മുടെ രാജ്യം അതിവേഗം പുരോഗതി നേടിക്കൊണ്ടിരിക്കുമ്പോൾ തന്നെ അനൈക്യത്തിന്റെയും സമന്വയരാഹിത്യത്തിന്റെയും അക്രമത്തിന്റെയും പല സമരമുഖങ്ങളും നിലനില്ക്കുന്നുണ്ട്. പരമാധികാര ജനാധിപത്യ റിപ്പബ്ലിക് എന്ന നിലയിലുള്ള നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും ഉദ്ഗ്രഥനത്തിനും വേണ്ടിയാണു സഭ എന്നും നിലകൊണ്ടിട്ടുള്ളത്. നിയമാനുസൃതലക്ഷ്യങ്ങൾ പ്രാപിക്കാൻപോലും അക്രമം പാടില്ലെന്ന നിലപാടാണ് സഭ പുലർത്തിപ്പോരുന്നത്. ഇന്ന് ഇൻഡ്യയുടെ മുഖം "യൗവന"മാണ്. രണ്ടായിരത്തി ഇരുപത് ആകുമ്പോഴേക്കും ശരാശരി ഇൻഡ്യാക്കാർ മുപ്പതുവയസിൽ താഴെയുള്ളവരായിരിക്കുമെന്ന് ജനസംഖ്യാപരമായ പ്രവണത സൂചിപ്പിക്കുന്നു. അതുകൊണ്ട് യുവജനത്തിന്റെ ആവേശം സമാധാനത്തിനും സമന്വയത്തിനും വേണ്ടി

സജ്ജീകരിക്കാൻ സഭ വളരെയേറെ ആഗ്രഹിക്കുന്നു. യുവതലമുറ വ്യത്യാസങ്ങൾക്ക് അപ്പുറം കടന്ന് സംസ്കാരങ്ങളുടെയും ഭാഷകളുടെയും പ്രദേശങ്ങളുടെയും മതങ്ങളുടെയും വൈവിധ്യത്തെ ആദരിക്കണം. അങ്ങനെ ഓരോ വ്യക്തിയും മനുഷ്യനെന്ന നിലയിൽ ആദരിക്കപ്പെടുകയും, വിശ്വാസം ഏറ്റുപറയാനും അത് അഭ്യസിക്കാ നും പങ്കുവയ്ക്കാനും സ്വാതന്ത്ര്യമുള്ളവനായിരിക്കുകയും ചെയ്യുന്ന സമാധാനത്തിന്റെയും സമന്വയത്തിന്റെയും സംസ്കാരം അവർ സൃഷ്ടിക്കണം. അതിന് വിദ്യാഭ്യാസം അവരെ പ്രേരിപ്പിക്കണം.

3. യുവജനങ്ങൾ സഭയ്ക്ക് എന്നും അത്യധികം പ്രിയപ്പെട്ടവരാണ്, അവരുടെ സമഗ്രവികസനം സഭയുടെ ഇഷ്ടവിഷയമാണ്. "മെത്രാൻ, ക്രൈസ്തവസമൂഹത്തിന്റെ അജപാലകനും പിതാവുമെന്ന നിലയിൽ, യുവജനത്തിന്റെ സുവിശേഷവത്കരണം; അവരോടൊത്തുള്ള ആധ്യാത്മികസഹഗമനം എന്നിവയിൽ പ്രത്യേക താത്പര്യം കാണിക്കണം. ഭാവി ആരെ ഏല്പിച്ചിരിക്കുന്നവോ അവരോടൊപ്പം, അതായത് യുവജനത്തോടൊപ്പം, പടുത്തുയർത്തുന്നതിൽ പ്രത്യാശയുടെ ശുശ്രൂഷകൻ ഒരിക്കലും പരാജയപ്പെടുകയില്ല" (Pastores Gregis, 53). കൂടാതെ അല്മായവിശ്വാസികൾ എന്ന അപ്പസ്തോലിക പ്രബോധനത്തിലെ 46–ാം ഖണ്ഡികയിൽ ഇങ്ങനെ പറയുന്നു: "യഥാർത്ഥത്തിൽ ഭാവിയിലേയ്ക്കുള്ള പാതയാണ് യുവജനങ്ങളിൽ കാണുന്നത്. സഭ അവരിൽ തന്നെത്തന്നെ പ്രതിഫലിച്ചു കാണുന്നു. അതിൽ ക്രിസ്തുവിന്റെ പരിശുദ്ധാരൂപിയുടെ പ്രവർത്തനഫലമായി അവൾ നിരന്തരം സന്തോഷിക്കുന്നു". ബനഡിക്ട് 16–ാമൻ മാർപാപ്പ ഇങ്ങനെ ഉറപ്പിച്ചു പറയുന്നു: "ഈ യുവമുഖമില്ലെങ്കിൽ സഭ വിരൂപിണിയായി കാണപ്പെടും" (Sao Paulo, Brazil, May 10, 2007).

4. ആഗോളീകരണം എല്ലാവരെയും – പ്രത്യേകിച്ച് യുവജനത്തെ – സ്വാധീനിച്ചിട്ടുണ്ട്. അതു പൊതുവേ സാമ്പത്തിക പുനരുത്ഥാനത്തിനു സംഭാവന നല്കി. വലിയ അവസരങ്ങളും സാധ്യതകളും സൃഷ്ടിച്ചും അതേസമയം, ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ യുവജനങ്ങളുടെ വലിയ വിഭാഗങ്ങളെ നിരാശപ്പെടുത്തുന്നുമുണ്ട്. ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും തോതു നിരന്തരം വർദ്ധിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അത് കുടുംബബന്ധങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പരമ്പരാഗതമായ ഗ്രാമീണ സാമ്പത്തിക വ്യവസ്ഥിതിയുടെ നാശത്തിലേയ്ക്ക് അതു നയിച്ചു. കർഷകവിഷമസന്ധി സൃഷ്ടിച്ചു. അങ്ങനെ ആധ്യാത്മികവും സാംസ്കാരികവും രാഷ്ട്രീയവുമായ അസ്വസ്ഥത സൃഷ്ടിക്കുകയും ചെയ്തു.

5. മറ്റു രാജ്യങ്ങളിലേയക്കും, ഇൻഡ്യയിൽ തന്നെ ഗ്രാമങ്ങളിൽ നിന്നു

നഗരങ്ങളിലേയ്ക്കും യുവജനങ്ങൾ കുടിയേറുകയാണ്. അതിൽ ഞങ്ങൾക്ക ഉത്കണ്ഠയുണ്ട്. അതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ഞങ്ങൾ ബോധ വാന്മാരാണ്. ചൂഷണവിധേയവും തരം താഴ്ത്തുന്നതുമായ അവരുടെ - പ്രത്യേകിച്ച് യുവതികളുടെ - സ്ഥിതി ഞങ്ങൾ കാണു ന്നു. വൈദഗ്ധ്യമി ല്ലാത്തവരും സാമ്പത്തിക പിൻബലമില്ലാത്തവരുമായ യുവജനം, കുടുംബ ത്തിൽ നിന്നും സമൂഹത്തിൽ നിന്നും സാംസ്കാരിക സുരക്ഷിതസ്ഥാനത്തു നിന്നും അകലെപോയി താമസിക്കേണ്ടി വരുന്ന യുവജനത്തെ ഞങ്ങൾ കാണുന്നു. അവർക്ക് തങ്ങളുടെ വർത്തമാനകാലത്തെയും ഭാവിയെയും കുറിച്ച് ആകുലതയുണ്ട്. ഞങ്ങൾ ആ ആകുലതയിൽ പങ്കുചേരുന്നു.

6. ഈ അസംബ്ലിക്കായുള്ള തയ്യാറെടുപ്പിനുവേണ്ടി ഐസിവൈഎം ഒരു യുവജനസർവേ നടത്തി. അത് സമൂഹം, സഭ എന്നിവയോടു ബന്ധപ്പെട്ട് യുവജനത്തിന്റെ അവസ്ഥയെക്കുറിച്ച് ഞങ്ങൾക്ക് വെളിച്ചം നല്കിയിട്ടു ണ്ട്.

6.1. യുവജനം ഞങ്ങളോട് പറഞ്ഞ കാര്യങ്ങൾ താഴെക്കാണുന്നു. ഞങ്ങൾ അത് താത്പര്യത്തോടും വിനയത്തോടും കൂടെ ശ്രവിച്ചു.

a) അവർ കത്തോലിക്കാവിശ്വാസത്തെ വിലമതിക്കുന്നു. പ്രോത്സാഹനവും പിന്തുണയും നല്കിയാൽ സഭാജീവിതത്തിൽ കൂടുതൽ ഭാഗഭാഗിത്വം വഹി ക്കാൻ അവർക്ക് ഇഷ്ടമാണ്. അതേ സമയം സഭയുടെ ഭാഷയിലും പ്രയോ ഗങ്ങളിലും മുൻഗണനകളിലും അനേകം യുവജനങ്ങൾക്ക് അതൃപ്തിയു ണ്ട്.

b) അവർ തങ്ങളുടെ ഭാഗധേയത്തിന്റെ ശില്പികളാകാൻ അവരെ ശക്തി പ്പെടുത്തണം. സഭയുടെ എല്ലാ തലങ്ങളിലും യുവ-സൗഹൃദപ്രകാശരംഗ ങ്ങൾ അതിനായി പ്രദാനം ചെയ്യണം. സാമൂഹികപ്രവർത്തനത്തിലുള്ള അവരുടെ പങ്കുചേരൽ കൂടുതൽ തീവ്രമാക്കണം.

c) നിർഭാഗ്യവശാൽ കുറേ യുവജനങ്ങൾ മയക്കുമരുന്നിനും ലൈംഗിക ദുരു പയോഗത്തിനും വിധേയരായിട്ടുണ്ട്. ദു:ഖകരമായ ഈ സംഗതി ഗൗരവാ വഹമായ പരിഗണന അർഹിക്കുന്നു.

d) പങ്കാളിത്തത്തിന് സ്വാഗതം ചെയ്യുന്ന, സഹനശീലമുള്ള, പരാജയത്തിൽ ക്ഷമിക്കുന്ന, ജീവിത തിരഞ്ഞെടുപ്പുകളിൽ നയിക്കുന്ന, പക്വതയും ഉത്ത രവാദിത്വബോധവുമുള്ള ക്രൈസ്തവ പ്രായപൂർത്തിയിലേക്ക് വളരാൻ സഹായിക്കുന്ന ഒരു സഭയെയാണ് അവർക്ക് ആവശ്യം.

5.2. ഞങ്ങൾ വിലമതിക്കുന്നു:

a) സമഗ്രതയ്ക്കായുള്ള അന്വേഷണത്തിൽ യുവജനങ്ങൾക്കുള്ള ആത്മാർത്ഥത; വിശ്വാസവും സുവിശേഷമൂല്യങ്ങളുമനുസരിച്ച് ജീവിക്കാ നുള്ള അവരുടെ സമരങ്ങൾ.

b) അവരുടെ അഭിനിവേശങ്ങളോട് പര്യാപ്തമാംവിധം പ്രത്യുത്തരിക്കുന്നതിൽ ചില വൈദികർ പരാജയപ്പെടുന്നുവെന്നു തോന്നുമ്പോഴും ആത്മീയരായിരിക്കാനുള്ള അവരുടെ പരിശ്രമം.

c) യുവജന നവീകരണത്തിനുവേണ്ടിയുള്ള സഭാപരമായ സംഘടനകളിൽ പ്രവർത്തിക്കുന്ന ചില അംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ആധ്യാത്മികതയുടെ ആഴവും സമർപ്പണത്തിന്റെ വലിയ അളവും.

7. യുവജനശുശ്രൂഷയിൽ മാതൃകയായി ഞങ്ങൾ യേശുവിലേക്കു നോക്കുന്നു. മൃതയായ ബാലികയിൽ അവിടന്ന് പ്രത്യാശയും ജീവനും കാണുന്നു (ലൂക്കാ 8:40-52). വിധവയുടെ പുത്രനായ ഒരു യുവാവിന്റെ മൃതസംസ്കാര വിലാപയാത്ര തടഞ്ഞുനിറുത്താൻ ദൃഢനിശ്ചയത്തോടെ അവിടന്നു ചെല്ലുന്നു (ലൂക്കാ 7:11-17). അവിടന്ന് മരണത്തിന്റെ യാത്ര പ്രതിരോധിക്കുന്നു. യുവജനം മരണകരമായ പല സാഹചര്യങ്ങളും കണ്ടുമുട്ടുന്നുണ്ട്. യേശു നല്കുന്ന ജീവൻ - പൂർണജീവൻ (യോഹ 10:10) അവർക്ക് ആവശ്യമാണ്. അവർക്ക് ഞങ്ങളെ ആവശ്യമുണ്ട്. യേശുവിനെപ്പോലെ അവരെ "തൊടാനും" എഴുന്നേൽക്കാൻ "വെല്ലുവിളിക്കാനും" സുഖമാക്കി ജീവനുള്ളവരാക്കി, അമ്മയ്ക്ക് - സമൂഹത്തിന്, രാഷ്ട്രത്തിനും സഭയ്ക്കും - തിരിച്ചുനല്കാനും വേണ്ടിയാണത്.

8. ദൈവവചനത്തിന്റെയും സഭാപ്രബോധനങ്ങളുടെയും യുവജനശബ്ദത്തിന്റെയും 2010 ജനുവരി 9 - 12 തീയതികളിൽ കാത്തലിക് കൗൺസിൽ ഓഫ് ഇൻഡ്യ നടത്തിയ വിചിന്തനത്തിന്റെയും വെളിച്ചത്തിൽ, ഇൻഡ്യയിലെ മെത്രാന്മാരായ ഞങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ സ്വയം സമർപ്പിക്കുന്നു.

a) യുവജനശുശ്രൂഷയെ സഭാശുശ്രൂഷയുടെ ഒരു മൗലിക ഭാഗമാക്കിത്തീർക്കാൻ, അവരെ സ്നേഹിക്കുകയും ജീവന്റെ പൂർണതയിലേക്ക് അവരെ വിളിക്കുകയും ചെയ്യുന്ന യേശുക്രിസ്തുവിനെ അവരുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ;

b) യുവജനങ്ങൾക്ക് ത്രിത്വപരവും സമൂഹാത്മകവും സഭാപരവുമായ അനുഭവം സുഗമമാക്കുവാൻ അവരെ കത്തോലിക്കാസഭയുടെ പ്രബോധനങ്ങളിൽ സുപരിചിതരാക്കിക്കൊണ്ടും ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും പരമകോടിയും (ലുമെൻ ജെൻസിയും, 11) ക്രൈസ്തവ സേവനത്തിന്റെ സുപ്രധാന ശക്തികേന്ദ്രവുമായ ദിവ്യകാരുണ്യത്തിലേക്ക് അവരെ നയിച്ചുകൊണ്ടും അങ്ങനെ ചെയ്യാൻ.

c) സഭയുടെ സ്ഥാപനങ്ങളുടെയും ഇടവകകളുടെയും വ്യക്തികളുടെയും ദേശവ്യാപകമായ സംവിധാനം ഉപയോഗിച്ച് കുടിയേറ്റക്കാരായ യുവജനത്തിന് സംരക്ഷണവും പിന്തുണയും നല്കാൻ. അവർ കുടിയേറിയ പ്രദേശത്തിന്റെ സംസ്കാരത്തിലും ഭാഷയിലും ഉൾച്ചേർന്നു നില്ക്കാൻ

അവർ പരിശ്രമിച്ചാലും അവർ അവരുടെ വ്യക്തിസഭയുടെ (suijuris church) സഭാത്മക പാരമ്പര്യത്തിൽ പരിശീലിപ്പിക്കപ്പെടണം.

d) ദളിത് വിഭാഗത്തിലെയും പിന്നോക്കവിഭാഗത്തിലെയും വിദൂരഗ്രാമീണ സമൂഹങ്ങളിലെയും ഗോത്രവർഗങ്ങളിലെയും യുവാക്കൾക്ക് വിശിഷ്ട വിദ്യാഭ്യാസത്തിനും തൊഴിൽപരമായ വിദഗ്ധപരിശീലനത്തിനും വേണ്ടത്ര അവസരങ്ങൾ സൃഷ്ടിക്കാൻ.

e) യുവജനങ്ങളുമായുള്ള വിശാലതരവും സർഗാത്മകവുമായ കൂട്ടിമുട്ടലിന് സാങ്കേതിക വിദ്യയുടെയും മാധ്യമങ്ങളുടെയും വ്യാപകത്വവും ശക്തിയും ഉപയോഗിക്കാൻ.

f) കാലാവസ്ഥാപരിവർത്തനം, പരിസ്ഥിതിയുടെ അധ:പതനം, പ്രകൃതിപരവും മനുഷ്യനിർമ്മിതവുമായ അപകടങ്ങളുടെ കൈകാര്യം എന്നീ വിഷയങ്ങളിൽ സർഗാത്മകമായി ഇടപെടുന്നതിന് യുവജനത്തെ ശക്തിപ്പെടുത്താൻ

9. ഞങ്ങളുടെ യുവജനസമർപ്പണം നിറവേറ്റാൻ താഴെപ്പറയുന്ന പ്രവർത്തനപദ്ധതി സ്വീകരിക്കുന്നു:

a) പ്രവർത്തനമാർഗരേഖയായി ഉപയോഗിക്കുന്നതിന് ഒരു നാഷണൽ യൂത്തുപോളിസിയും പാസ്റ്ററൽ പ്ലാനും സി.ബി.സി.ഐ.യുടെ യൂത്തു ഡിപ്പാർട്ടുമെന്റ് തയ്യാറാക്കും.

b) യുവജനശുശ്രൂഷയ്ക്ക് പര്യാപ്തമായ ഫണ്ട് ഉറപ്പുവരുത്തും.

c) ക്രൈസ്തവകുടുംബങ്ങൾ അവരുടെ യുവാംഗങ്ങളെ പരിശീലിപ്പിക്കുകയെന്ന ദൗത്യം വഹിക്കുന്നതിന് സഹായിക്കാൻവേണ്ടി, കുടുംബജീവിത വിദ്യാഭ്യാസപദ്ധതി ക്രോഡീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്ത് യുവജനശുശ്രൂഷാപരമായ പരിശീലനത്തിൽ ഉൾപ്പെടുത്തും.

d) രൂപതാതലത്തിലും പ്രാദേശികതലത്തിലും ഐ.സി.വൈ.എം. യൂണിറ്റുകൾ സ്ഥാപിക്കാൻ സമർപ്പണബോധമുള്ള യുവജനഡയറക്ടർമാരെ നിയമിക്കും. ഓരോ രൂപതയിലും യുവജനശുശ്രൂഷയുടെ മറ്റു സംവിധാനങ്ങളെ സിദ്ധികളുടെ വൈവിധ്യത്തിലൂടെ പൊതുവായ ഒരംഗീകൃത ലക്ഷ്യത്തിലേക്കു നയിക്കുന്നതിനുവേണ്ടി ശക്തിപ്പെടുത്താനും കൂടിയാണ് അങ്ങനെ ചെയ്യുന്നത്.

e) സെമിനാരി പരിശീലനത്തിന്റെ ഒരു മൗലികഭാഗമായി യുവജനശുശ്രൂഷാ പരിശീലനം ഏർപ്പെടുത്തും.

10. ഞങ്ങളുടെ പ്രിയപ്പെട്ട യുവജനമേ, ഞങ്ങളുടെ കണ്ണുകൾ നിങ്ങളിലേയ്ക്ക് തിരിയുന്നു. നിയമാനുസൃതം നിയമിതരായ നേതാക്ക ളുടെ നേതൃത്വത്തിൻ കീഴിൽ നിങ്ങളുടെ പരിശീലനത്തിന്റെ ഉത്തരവാദിത്വം

ഏറ്റെടുക്കാൻ നിങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ലഘുക്രൈസ്തവസമൂഹങ്ങളുടെ അംഗങ്ങളാകാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അവിടെ ഇടവകയോടും സഭയോടും ചേർന്നുനില്ക്കുന്നതിന്റെ ബോധം നിങ്ങൾക്കുണ്ടാകും. വൈദികത്വത്തിലേക്കും സന്ന്യാസജീവിതത്തിലേക്കുമുള്ള ദൈവത്തിന്റെ വിളിക്ക് നിങ്ങളിൽ ചിലർ പ്രത്യുത്തരിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഐസിവൈഎം - ലും അതുപോലുള്ള മറ്റു യുവജന പ്രസ്ഥാനങ്ങളിലും പരിശീലനം നേടിയിട്ടുള്ളവർ അല്മായനേതാക്കളാകാൻ മുന്നോട്ടുവരുമെന്ന് ആത്മവിശ്വാസത്തോടെ പ്രതീക്ഷിക്കുന്നു. നമ്മുടെ രാജ്യം മുഴുവനിലും സദ്‌വാർത്ത ശ്രവിക്കപ്പെടുന്നതിനുവേണ്ടി സുവിശേഷവത്കരണ പരിശ്രമത്തിൽ കൂടുതലായി ഏർപ്പെടാൻ ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. മനുഷ്യാവകാശങ്ങൾ, സാമൂഹികനീതി എന്നീ പ്രശ്നങ്ങളിൽ ഇടപെടാൻ ഞങ്ങൾ നിർബന്ധിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, സിവിൽ ഭരണകാര്യങ്ങൾ, ഭരണസംഘങ്ങൾ മുതലായവയിൽ പങ്കുചേരാനും നിർബന്ധിക്കുന്നു. നമ്മുടെ രാജ്യത്തുള്ള വിവിധ സമാധാന സ്ഥാപനപ്രസ്ഥാനങ്ങളിൽ വ്യാപരിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ കാലടികൾ പിന്തുടർന്ന് സമാധാനത്തിന്റെയും അക്രമരാഹിത്യത്തിന്റെയും സന്ദേശം വ്യാപിപ്പിച്ചുകൊണ്ട് അപ്രകാരം പ്രവർത്തിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ധാർമ്മികമൂല്യങ്ങളും വ്യക്തിത്വസമഗ്രതയുമുള്ള യുവതീയുവാക്കൾ, ജനങ്ങൾക്കു വിശ്വസിക്കാവുന്നവർ, രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ ഞങ്ങൾ ക്ഷണിക്കുന്നു. നമ്മുടെ ജനതയുടെ-പ്രത്യേകിച്ച് ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായവരുടെ-സമഗ്രവികസനത്തിനുവേണ്ടി പ്രവർത്തിച്ച് നമ്മുടെ രാഷ്ട്രത്തെ പടുത്തുയർത്താനാണത്. അങ്ങനെ ദൈവത്തിന്റെ സാന്നിധ്യത്തിനും രക്ഷാകരപ്രവർത്തനത്തിനും സാക്ഷ്യം വഹിക്കാൻ വേണ്ടി തന്നെ. നമ്മുടെ മാതൃരാജ്യത്ത് സമാധാനവും സമന്വയവും സ്ഥാപിക്കാനുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്.

11. സി.ബി.സി.ഐ.യുടെ 29-ാം ജനറൽ അസംബ്ലി സമാപിക്കുമ്പോൾ ഞങ്ങൾ കന്യകാമറിയത്തിലേയ്ക്ക് ദൃഷ്ടി ഉയർത്തുന്നു. ഞങ്ങളുടെ യുവജനത്തെ അവൾക്കു സമർപ്പിക്കുന്നു. അവർ യഥാർത്ഥത്തിൽ സമാധാനത്തിന്റെയും സമന്വയത്തിന്റെയും കൈവഴികളാകാൻ തന്നെ.

**മോസ്റ്റ് റവ. ആൽബർട്ട് ഡിസൂസാ**

സെക്രട്ടറി ജനറൽ, സി.ബി.സി.ഐ., ആർച്ച് ബിഷപ്പ് ഓഫ് ആഗ്ര

N.B. ഈ പ്രസ്താവന സൗകര്യപ്രദമായ ഏതെങ്കിലും ഞായറാഴ്ച എല്ലാ പള്ളികളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# വലിയ നോമ്പിലെ തിരുക്കർമ്മങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ

*പ്രിയ വൈദികരെ,*

കഴിഞ്ഞ ആഗസ്റ്റിൽ നടന്ന സീറോമലബാർ സഭയുടെ സിനഡ് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ വലിയ നോമ്പിലെ വിശിഷ്യ പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങളുടെ പുസ്തകം ഇതിനോടകം നിങ്ങൾക്ക് ലഭിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഈ വർഷം മുതൽ പുതിയ ടെക്സറ്റ് ഉപയോഗിച്ചു തുടങ്ങേണ്ടതാണ്. പുതിയ ക്രമം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**ഓശാന ഞായർ**

ഓശാനയുടെ തിരുക്കർമ്മങ്ങളും പ്രാരംഭ ഭാഗങ്ങളും കുരുത്തോലവെഞ്ചിരിപ്പും ദേവാലയത്തിന്റെ വെളിയിൽ ക്രമീകരിക്കുന്നതാണ് ഉചിതം. കുരുത്തോല വെഞ്ചിരിപ്പും പ്രദക്ഷിണവും സുവിശേഷവായനയക്കുമുൻപോ, സുവിശേഷ പ്രസംഗത്തിനുശേഷമോ നടത്താവുന്നതാണ്.

**പെസഹാ വ്യാഴം**

സഭയുടെ നിയമം അനുസരിച്ച് ഉച്ചകഴിഞ്ഞാണ് തിരുക്കർമ്മങ്ങൾ നടത്തേണ്ടത്. എങ്കിലും പ്രായോഗികമായി നമ്മുടെ രൂപതയിൽ പ്രഭാതത്തിലായിരിക്കും കർമ്മങ്ങൾ നടത്തപ്പെടുക. സഭയുടെ നിയമപ്രകാരം കാലുകഴുകൽ ശുശ്രൂഷ ഐച്ഛികമാണെങ്കിലും നമ്മുടെ രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം കാലുകഴുകൽ ശുശ്രൂഷ നടത്തേണ്ടതാണ്.

**പീഡാനുഭവ വെള്ളി**

അന്നേ ദിവസത്തെ കർമ്മങ്ങൾക്കുപയോഗിക്കുന്ന സ്ലീവായിൽ മേൽ ഊറാറ ധരിപ്പിക്കേണ്ടതാണ്. മിശിഹായുടെ മരണത്തെ അനുസ്മരിക്കുന്ന **പ്രദക്ഷിണസമയത്ത്** വെള്ള കച്ചകൊണ്ട് പൊതിയണം. സമാപന ആശിർവ്വാദത്തിനും സ്ലീവാ ചുംബനത്തിനുംശേഷം മിശിഹായുടെ സംസ്കരണം അനുസ്മരിച്ച് അത് ബലിപീഠത്തിൽ കിടത്തി ധൂപിക്കേണ്ടതാണ്.

സീറോമലബാർ സഭയുടെ പാരമ്പര്യമനുസരിച്ച് അന്നേ ദിവസം കുർബ്ബാനയും കുർബ്ബാന സ്വീകരണവും ഇല്ലെങ്കിലും നമ്മുടെ രൂപതയുടെ കീഴ്വഴക്കം അനുസരിച്ച് കുർബ്ബാന സ്വീകരണം നടത്താവുന്നതാണ്. പീഡാനുഭവ വായനയ്ക്ക് കാർമ്മികരും ജനങ്ങളും വിവിധ റോളുകൾ ഏറ്റെടുക്കുന്ന രീതിയിലുള്ള സുവിശേഷവായന നടത്താവുന്നതാണ്. തിരുക്കർമ്മത്തിലുള്ള വൈവിധ്യമാർന്ന കാറോസൂസകളിൽ

ആദ്യ രണ്ടു ഭാഗങ്ങൾ മുട്ടുകുത്തിയും മൂന്നാമത്തെ ഭാഗം എഴുന്നേറ്റുനിന്നും ചൊല്ലേണ്ടതാണ്.

**വലിയ ശനി**

വലിയ ശനിയാഴ്ച മാമ്മോദീസ വ്രതനവീകരണം നടത്തേണ്ടതാണ്. പുതുതായി വെഞ്ചിരിച്ച ജലം ജനങ്ങളുടെമേൽ തളിക്കുന്നതിന് കറാപ്പ് ഒരുക്കിവച്ചിരിക്കണം. ജ്ഞാനസ്നാന വ്രതങ്ങൾ നവീകരിക്കുന്ന സമയത്ത് എല്ലാവരും കത്തിച്ച തിരികൾ കൈകളിൽ വഹിക്കേണ്ടതാണ്.

**ഉയിർപ്പുതിരുന്നാൾ**

ഉയിർപ്പുതിരുന്നാൾകർമ്മം പുലർച്ചെ 3 മണിക്കാണ് ആരംഭിക്കേണ്ട ത്. ഉയിർപ്പുതിരുന്നാൾ ദിവസത്തെ സമാധാനാശംസയുടെ പ്രാർത്ഥനകളും കർമ്മങ്ങളും പ്രദക്ഷിണത്തിനുശേഷം ദിവ്യരഹസ്യ ഗീതത്തിനുമുൻപ് നട ത്തേണ്ടതാണ്.

ഇരിങ്ങാലക്കുട — ലിറ്റർജിക്കൽ കമ്മിറ്റി
18. 03. 2010 — ഇരിങ്ങാലക്കുട രൂപത

## ചെന്നൈ മിഷൻ

1 ഇരിങ്ങാലക്കുട രൂപതയുടെ നിയുക്ത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവ് മാർച്ച് 9, 10 തിയ്യതികളിൽ ചെന്നൈ മിഷനിലെ എല്ലാ മിഷൻ കേന്ദ്രങ്ങളും സന്ദർശിച്ചു.

2 **വൈദിക വർഷാചരണം:** വൈദികവർഷത്തോടനുബന്ധിച്ച് മാർച്ച് മാസത്തിലെ മിഷൻ വൈദിക സംഗമം മാർച്ച് 17ന് പേരമ്പൂർ സെ. ജോസഫ് ദേവാലയത്തിൽവച്ച് നടത്തി.

3 **തിരുന്നാളുകൾ:** ഏപ്രിൽ 11-ാം തിയ്യതി ഞായറാഴ്ച അമ്പത്തൂർ ഇടവകയിൽ ഡിവൈൻ മേഴ്സിയുടെ തിരുനാളും, ചിന്നമല ഇടവകയിൽ മാർ തോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുന്നാളും ആഘോഷിക്കുന്നു.

4 **പിതാക്കന്മാർക്ക് സ്വീകരണവും നന്ദിയും :** ചെന്നൈ സീറോ മലബാർ മിഷന്റെ പ്രഥമ ബിഷപ്പ് ഇൻ ചാർജ്ജായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന് കൃതജ്ഞത അർപ്പിക്കുവാനും നിയുക്ത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പിതാവിന് അനുമോദനമേകുവാനും മെയ് 2 ഞായറാഴ്ച അയനാവരം സെ. തോമസ് പാസ്റ്ററൽ സെന്ററിൽ മിഷനിലെ എല്ലാവരുടെയും സംഗമം നടത്തുന്നു.

**ഫാ. ജോസ് മാളിയേക്കൽ**
കോർഡിനേറ്റർ, ചെന്നൈ മിഷൻ

# പ്രതിനിധിയോഗ രൂപീകരണം

നിലവിലുള്ള പ്രതിനിധിയോഗത്തിന്റെ കാലാവധി 2010 ജൂലൈ 3-ാം തിയ്യതിയോടെ അവസാനിക്കുകയാണല്ലോ. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോഗ നടപടിക്രമങ്ങളും രൂപ താനിയമാവലിയിലെ നിർദ്ദേശങ്ങളും കണക്കിലെടുത്ത് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തി രൂപതാ കച്ചേരിയിൽനിന്ന് അംഗീകാരം വാങ്ങേണ്ടതാണ്. പുതിയ പ്രതിനിധിയോഗം 2010 ജൂലൈ 3-ാം തിയ്യതി പ്രാബല്യത്തിൽ വരുന്നതാണ്. പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുത്ത് തെരട്ട് സമർപ്പിക്കുന്നതോടുകുടി അംഗീകാരത്തിനായി സമർപ്പിക്കണം.

**സ്വീകരിക്കേണ്ട നടപടികൾ.**

1. 100ൽ താഴെ വീടുകൾ ഉള്ള ഇടവകകളിൽ പൊതുയോഗം മാത്രം മതിയായിരിക്കും. (നമ്പർ 5,6 കാണുക)
2. 101 നും 500 നും ഇടയ്ക്ക് വീടുകളുള്ള ഇടവകകളിൽ പൊതുയോഗവും പ്രതിനിധിയോഗവും ആകാവുന്നതാണ്. ഏതെങ്കിലും ഒന്നു മാത്രം മതിയെങ്കിൽ രൂപതാ കാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണം.
3. 501നു മുകളിൽ വീടുകൾ ഉള്ള ഇടവകകളിൽ പ്രതിനിധിയോഗം മാത്രം മതിയാകും. പൊതുയോഗം കൂടി വേണമെങ്കിൽ രൂപതാ കച്ചേരിയിൽനിന്ന് അനുവാദം വാങ്ങണം.
4. പ്രതിനിധിയോഗ രൂപീകരണത്തിനുള്ള നടപടികൾ പൂർത്തിയായാൽ പ്രസ്തുത അംഗങ്ങളുടെ പേരുകൾ രൂപതാ മുദ്രപത്രത്തിൽ എഴുതി പകർപ്പുസഹിതം രൂപതാ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
5. പ്രതിനിധിയോഗം മാത്രം ഉള്ള ഇടവകകളിൽ നിയമാവലി അനുസരിച്ച് (നമ്പർ 3) വർഷത്തിലൊരിക്കലെങ്കിലും പൊതുയോഗം കൂടി വസ്തുതകൾ വിലയിരുത്തണം.
6. കൈക്കാരന്മാരെ, നിലവിൽ വരുന്ന യോഗമാണ് തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധി യോഗത്തിൽ അംഗങ്ങളല്ലാത്തവരെയും കൈക്കാരന്മാരായി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത് രൂപതാ കാര്യാലയത്തിൽ നിന്ന് നിയമനം ലഭിച്ചുകഴിഞ്ഞാൽ ആ ഒരു വർഷക്കാലം അവർ പ്രതിനിധിയോഗത്തിൽ അംഗങ്ങളായിരിക്കും. പ്രതിനിധി യോഗത്തിന്റെ കാലാവധി മൂന്നു വർഷമാണ്.
7. സംഘടനകളുടെ ഏകോപന സമിതിയിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഒരു പുരുഷനും ഒരു സ്ത്രീയുമായിരിക്കും പ്രതിനിധി യോഗത്തിൽ സംഘടനകളെ പ്രതിനിധാനം ചെയ്യുക.

8. നിയമാവലി അനുസരിച്ച് ഇടവകകളിൽ തെരഞ്ഞെടുപ്പുകൾ കഴിയുന്നതും വേഗം പൂർത്തിയാക്കി രൂപതാ കാര്യാലയത്തിൽനിന്ന് അംഗീകാരം വാങ്ങേണ്ടതാണ്.
9. പുതിയ പ്രതിനിധിയോഗത്തിന്റെ കാലാവധി 2010 ജൂലൈ 3-ാം തിയ്യതി മുതൽ 2013 ജൂലൈ 3-ാം തിയ്യതി വരെയായിരിക്കും.

18.03.2010 **മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട ഇരിങ്ങാലക്കുട രൂപത

## രൂപതയുടെ ചരിത്രം

ഹിസ്റ്ററി കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള "ഇരിങ്ങാലക്കുട രൂപത ചരിത്രത്തിലൂടെ" എന്ന ഗ്രന്ഥത്തിന്റെ അച്ചടി അവസാനഘട്ടത്തിലാണ്. ഏപ്രിൽ ആദ്യത്തിൽ വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഹായസഹകരണങ്ങൾ നൽകിയ എല്ലാവർക്കും പ്രത്യേകം നന്ദി. റഫറൻസിനായി ഇടവകകളും സ്ഥാപന ങ്ങളും സന്യാസസമൂഹങ്ങളും മറ്റും ഏല്പിച്ചിട്ടുള്ള സിഡികൾ, ഫോട്ടോകൾ തുടങ്ങിയവ ഏപ്രിൽ 5, 6 തിയ്യതികളിൽ ഓഫീസിൽനിന്ന് തിരികെ കിട്ടുന്നതാണ് എന്ന വിവരം പ്രത്യേകം അറിയിക്കുന്നു.

**ഫാ. ആന്റണി മഞ്ഞളി**
ചെയർമാൻ


# TTC Admission

## AVE MARIYA TRAINING COLLEGE

(Self Financing Teacher Training Institute)
Managed by Catholic Diocese of Irinjalakuda,
Approved by NCTE & Government of Kerala,
Pulparakkunnu, Aloor.

ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ ആളൂർ പുൽപ്പാറക്കുന്നിൽ പ്രവർത്തിക്കുന്ന ആവേ മരിയ ടീച്ചേഴ്സ് ട്രെയിനിങ്ങ് കോളേജിലേക്ക് 2010-12 വർഷത്തേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

Contact No. : 0480 - 282-1167, 283-0721
Mob. 944-792-1092

# മതബോധനം



**1. സർട്ടിഫിക്കറ്റുകൾ:** X, XII ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ ഏപ്രിൽ 20 ാം തിയ്യതി മുതൽ മതബോധന കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്. പ്രധാന അദ്ധ്യാപകൻ, സെക്രട്ടറി, പ്രധാന അദ്ധ്യാപകന്റെ നിർദ്ദേശപ്രകാരമുള്ള അദ്ധ്യാപകൻ, അദ്ധ്യാപിക ഇവരിൽ ആരെങ്കിലും വന്ന് സർട്ടിഫിക്കറ്റുകൾ വാങ്ങി കൊണ്ടുപോകേണ്ടതാണ്. സർട്ടിഫിക്കറ്റിന് 15 രൂപ വീതം അടയ്ക്കാത്തവർ ഓഫീസിൽ സംഖ്യ അടയ്ക്കേണ്ടതാണ്.

**2. ഉത്തരക്കടലാസ് പുനർമൂല്യ നിർണ്ണയ മാനദണ്ഡം:** 25 രൂപ ഫീസ് അടച്ച് ഏപ്രിൽ 15 നു മുമ്പ് ബഹു. വികാരിയച്ചന്റെയോ പ്രധാന അദ്ധ്യാപകന്റെയോ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**3. X, XII പുനർപരീക്ഷ :** മെയ് 2 ഞായറാഴ്ച 2 p.m.ന് വിദ്യാജ്യോതിയിൽവെച്ച് നടത്തപ്പെടുന്നു. വാർഷിക പരീക്ഷയിൽ തോറ്റവരെയും ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാൽ വാർഷിക പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവരെയും ഈ പരീക്ഷയിൽ പങ്കെടുപ്പിക്കാവുന്നതാണ്. അതാത് യൂണിറ്റിൽനിന്ന് ഇവരുടെ പേരുവിവരം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 25 നു മുമ്പ് നൽകേണ്ടതാണ്. സ്ഥലം : വിദ്യാജ്യോതി, ഇരിങ്ങാലക്കുട. സമയം : 2 p.m.- 4 p.m.

**4. സ്കോളർഷിപ്പ് പരീക്ഷ :**

**a) സൺഡേ സ്ക്കൂൾ മതബോധനം:** ഏപ്രിൽ 8 വ്യാഴം
Std IV & VII : 9.30 a.m.- 11.30 a.m.
ബൈബിൾ ക്വിസ്
Std. V, VI, VIII & IX 12.00 a.m.- 1.30 a.m.
സ്ഥലം : L.F. Convent High School, Irinjalakuda
S.H. Convent High School, Chalakudy
St.Antony's High School, Mala

**b) Daily Catechism & Moral Science :** ഏപ്രിൽ 10 ശനി
Std. IV, VII & X
സമയം : 9.30 a.m.- 11.30 a.m.
സ്ഥലം : L.F. Convent High School, Irinjalakuda
S.H. Convent School, Chalakudy
St.Antony's High School, Mala

**5. ജൂബിലി ആഘോഷിക്കുന്ന മതാദ്ധ്യാപകരുടെ പേരുവിവരം**

മതാദ്ധ്യാപന രംഗത്ത് 25/50 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകരുടെ പേരുകൾ കൊടുക്കാത്തവർ എത്രയും വേഗം മതബോധന

കേന്ദ്രമായ വിദ്യാജ്യോതിയിൽ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ എത്തിക്കേണ്ടതാണ്.

**6. പ്രൈവറ്റ് രജിസ്ട്രേഷൻ :** 11,12 ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരിൽ മൂന്ന് Contact ക്ലാസ്സുകളിൽ ഏതെങ്കിലും മുടങ്ങിയവർക്കുള്ള Contact ക്ലാസ്സ് ഏപ്രിൽ 14-ാം തിയ്യതി വിദ്യാജ്യോതിയിൽ വെച്ച് നടത്തുന്നതാണ്.

**7. Intensive Catechism :** മതബോധന വിദ്യാർത്ഥികൾക്കായി അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഇന്റൻസീവ് കാറ്റക്കിസം നടത്തേണ്ടതണ്.

**8. മതബോധന കലണ്ടറും വാർഷിക പദ്ധതിയും :** അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കേണ്ട സമയമായി. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതായുള്ള പ്രായോഗിക നിർദ്ദേശങ്ങൾ യൂണിറ്റിൽ ചർച്ച ചെയ്ത് മെയ് 15 നു മുമ്പ് വിദ്യാജ്യോതിയിൽ എത്തിക്കേണ്ടതാണ്.

**9. മതബോധനം പ്രൈവറ്റ് +1, +2 പരീക്ഷ**

+1 പരീക്ഷ - ഏപ്രിൽ 24, +2 പരീക്ഷ - മെയ് 22

സ്ഥലം : വിദ്യാജ്യോതി, സമയം : 10.a.m.-12. a.m.

**10. ലോഗോസ് ക്വിസ് :** ഇനിയും ലോഗോസ് ക്വിസ് പരീക്ഷയുടെ സമ്മാനങ്ങൾ കൊണ്ടുപോകാത്തവർ ഏപ്രിൽ 30-ാം തിയ്യതിക്കുള്ളിൽ കൊണ്ടുപോകേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ജസ്റ്റിസ് ഫോറം

രൂപതയിലെ ജസ്റ്റിസ് ഫോറത്തിന്റെ സാധാരണയോഗം മാർച്ച് 17 ബുധൻ 5 മണിക്ക് റവ. ഫാ. ജോഷി പാല്യേക്കരയുടെ അദ്ധ്യക്ഷതയിൽ കൂടി. റിപ്പോർട്ട് വായനയ്ക്കുശേഷം കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. കഴിഞ്ഞ ആറു മാസമായി ജസ്റ്റിസ് ഫോറത്തിൽ സ്തുത്യർഹമായി സേവനം ചെയ്ത് ഇൻഡോർ കോളേജിന്റെ പ്രിൻസിപ്പൽ ആയി സ്ഥലം മാറി പോകുന്ന റവ. സി. റോസ് ബാസ്റ്റിൻ CHFന്, മുൻ ഡയറക്ടർ ഫാ. ജോർജ്ജ് വേഴപ്പറമ്പിൽ, അഡ്വ. E.T. തോമസ്, സെക്രട്ടറി പ്രൊഫ. N.L ജോൺസൺ എന്നിവർ ആശംസകൾ അർപ്പിച്ചു. അസി. ഡയറക്ടർ റവ. ഫാ. ആൻഡ്രൂസ് മാളിയേക്കൽ നന്ദി പറഞ്ഞു.

**ഫാ. ജോഷി പാല്യേക്കര**
ഡയറക്ടർ

# സംഘടനാവാർത്തകൾ...

## B.L.M.

**1. സ്നേഹ പ്രകാശം ടീം ആന്തരികസൗഖ്യധ്യാനം**

ഏപ്രിൽ 1 വ്യാഴം 5 p.m. മുതൽ ഏപ്രിൽ 4 ഞായർ വരെ.

**2. ആന്തരികസൗഖ്യ വചന അനുഭവ ധ്യാനം**

ഏപ്രിൽ 4 ഞായർ 5 p.m.മുതൽ ഏപ്രിൽ 8 വ്യാഴം വരെ.

**3. ചാലക്കുടി ഫൊറോന യുവജന ധ്യാനം**

ഏപ്രിൽ 8 വ്യാഴം മുതൽ ഏപ്രിൽ 11 ഞായർ വരെ.

**4. ആന്തരികസൗഖ്യ ധ്യാനം**

ഏപ്രിൽ 11 ഞായർ 5 p.m.മുതൽ ഏപ്രിൽ 15 വ്യാഴം വരെ.

**5. സ്നേഹ പ്രകാശം ടീം ആന്തരികസൗഖ്യധ്യാനം**

ഏപ്രിൽ 15 വ്യാഴം 5 p.m. മുതൽ ഏപ്രിൽ 18 ഞായർ വരെ.

**6. ആബ്ബാ അനുഭവ ആന്തരികസൗഖ്യ ധ്യാനം**

ഏപ്രിൽ 18 ഞായർ 5 p.m. മുതൽ ഏപ്രിൽ 22 വ്യാഴം വരെ.

**7. ആന്തരികസൗഖ്യ ധ്യാനം**

ഏപ്രിൽ 25 ഞായർ 5 p.m. മുതൽ ഏപ്രിൽ 29 വ്യാഴം വരെ.

**8. കേരളസഭാ താരം അവാർഡ് ദാനവും കേരള സഭാ സെമിനാറും.**

ഏപ്രിൽ 24 ശനി 9 a.m. മുതൽ 5 p.m.വരെ.

**ഫാ. ആന്റോ ചുങ്കത്ത്,** ഡയറക്ടർ

## സാൻജോസദൻ

ഫെബ്രുവരി മാസത്തിൽ 39 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു.

**ഏപ്രിൽ 18:-** A.A. മീറ്റിംഗും, Al Anon മീറ്റിംഗും 18.4.2010 ഞായർ 9.30-2p.m സാൻജോ സദനിൽ

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ



## സ്മരണാഞ്ജലി

റവ. ഫാ. ഫ്രാൻസീസ് ബ്രഹ്മകുളം - 18.04.1982

# അവാർഡ്

1 **മുൻകാല പ്രവർത്തകരുടെ ഒത്തുചേരൽ:** അവാർഡിന്റെ ആരംഭം മുതൽ ഇന്നുവരെ അവാർഡിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ബഹു. വൈദികരുടെയും, ബഹു. സിസ്റ്റേഴ്സിന്റെയും സ്റ്റാഫ് അംഗങ്ങളുടെയും ഒത്തുചേരൽ ഏപ്രിൽ 29ന് അവാർഡ് ഭവനിൽവച്ച് സംഘടിപ്പിക്കുന്നു.

2. **അവാർഡ് ടീം മീറ്റിംഗ്:** മാർച്ചിലെ പ്രവർത്തനങ്ങളെ വിലയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഏപ്രിൽ 5-ാം തിയ്യതി ടീം മുഴുവൻ അവാർഡിൽ ഒത്തു ചേരുന്നു.

3 **പഠനാധിഷ്ഠിത യാത്ര:** രജതജൂബിലിയുടെ ഭാഗമായി ടീം അംഗങ്ങളുടെ ഒത്തൊരുമയും കൂട്ടായ്മയും വർദ്ധിപ്പിക്കുന്നതിനായി ഏപ്രിൽ 23ന് പഠനാധിഷ്ഠിത യാത്ര നടത്തുന്നു.

4 **Participatory Monitoring & Evaluation :** ഓരോ ടീമംഗങ്ങളുടെയും പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പ്രോത്സാഹനത്തിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 26ന് പ്രസ്തുത പരിപാടി നടത്തുന്നു.

5 **ഫാമിലി ഡെവലപ്പ്മെന്റ് :** വിവിധ മാനസിക കുടുംബപ്രശ്നങ്ങളുമായി വരുന്നവർക്ക് വിദഗ്ദരായ കൗൺസിലർമാർ പ്രവൃത്തി ദിവസങ്ങളിൽ സൗജന്യ കൗൺസലിംഗ് സഹായം നൽകി വരുന്നു. ഫോൺ. 0480 – 2704548

6 **സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ:** ഗാർഹിക പീഢനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സൗജന്യ നിയമസഹായങ്ങൾ ലീഗൽ കൗൺസിലർവഴി തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ നൽകി വരുന്നു. ഫോൺ. 0480 – 2704548

7 **സ്കോളർഷിപ്പ് പ്രോഗ്രാം:** പഠനത്തിൽ മികവ് കാണിക്കുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പിനായി അപേക്ഷകൾ സ്വീകരിക്കുന്നു.

8 **വികലാംഗ പുനരധിവാസ പ്രവർത്തനങ്ങൾ:** എല്ലാ വെള്ളിയാഴ്ചകളിലും വിദ്യാഭ്യാസ ചികിത്സാ സഹായം ലഭ്യമാകുന്നു.

9 **ഫിസിയോ തെറാപ്പി സെന്റർ:** അവാർഡിൽ പ്രവർത്തിക്കുന്ന സെന്ററിൽനിന്നും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് ഫിസിയോ തെറാപ്പി നൽകി വരുന്നു. ഫോൺ. 0480–2701964

10 **മൈക്രോ എന്റർപ്രൈസസ് ഡിപ്പാർട്ട്മെന്റ് :** ഗൃഹോപകരണ പദ്ധതിയിൻ കീഴിൽ 34 ഏജന്റുമാർക്ക് കമ്മീഷൻ വിതരണം ചെയ്യുന്നു. അപ്പെക്സ് കമ്പ്യൂട്ടർ സെന്ററിൽ ഏപ്രിൽ 5ന് വിവിധങ്ങളായ അവധിക്കാല കോഴ്സുകൾ ആരംഭിക്കുന്നു. 'ജനശ്രീ ഭീമാ യോജന' ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ 16ന് 128 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടക്കുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ

# സി.എൽ.സി.

1. **Talent Fest:** പാട്ട്, നൃത്തം, പ്രസംഗം എന്നിവയിൽ കഴിഞ്ഞ വർഷം കഴിവ് തെളിയിച്ച കുട്ടികൾക്കായി Talent Fest-ന്റെ ഫോളോ അപ്പ് ഏപ്രിൽ 10-ാം തിയ്യതി ഇരിങ്ങാലക്കുട സെ. ജോസഫ്സ് കോളേജിൽ രാവിലെ 10 മണിക്ക് നടക്കുന്നു.

2. **ഇഗ്നേഷ്യൻ ധ്യാനം :** ഈ വർഷത്തെ ഇഗ്നേഷ്യൻ ധ്യാനം കുറ്റിക്കാട് ജീവധാരയിൽ ഏപ്രിൽ 13, 14, 15 തിയ്യതികളിൽ നടക്കുന്നു.

3 **തലമുറ സംഗമം :** മുൻകാല സി.എൽ.സി. പ്രവർത്തകരുടെ സംഗമം മാർച്ച് 13-ാം തിയ്യതി നടത്തപ്പെട്ടു. കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

4 **സി.എൽ.സി. ജന്മദിനാഘോഷം :** ലോക സി.എൽ.സി. ജന്മദിനാഘോഷം മാർച്ച് 21 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അന്നമനട ക്രൈസ്റ്റ് കിംഗ് പള്ളിയിൽ നടത്തപ്പെട്ടു. ജീവന്റെ മൂല്യം കണക്കിലെടുത്ത് സി. എൽ.സി. അംഗങ്ങൾ ചാലക്കുടി സെ. ജെയിംസ് ആശുപത്രിയിൽ രക്തദാനം നടത്തി.

**ഫാ. ആൻഡ്രൂസ് ചെതലൻ**
ഡയറക്ടർ

# ജീസസ് യൂത്ത്

**സഹായപദ്ധതി :** 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ മാസവും 500 രൂപ വരെ ലഭ്യമാകുന്ന പദ്ധതിയിലേയ്ക്ക് എല്ലാ ഇടവകകളിൽനിന്ന് നിർദ്ധനരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. Contact No. 9995624899.

**ഏയ്ഞ്ചൽസ് 2010:** 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന 800 കുട്ടികൾക്കു വേണ്ടി താമസിച്ചുള്ള പ്രോഗ്രാം ഏയ്ഞ്ചൽസ് 2010 ഏപ്രിൽ 22 മുതൽ 25 വരെ ആളൂർ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽവച്ച് നടത്തപ്പെടുന്നു. 300 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

Registration Details
Pls. Contact No. 9995322574

**ഫാ. ബിനോയ് പൊഴോലിപറമ്പിൽ**
ഡയറക്ടർ

# സ്പിരിച്വാലിറ്റി സെന്റർ

1 **വിധവാ സംഗമം**: 5-ാം തിയ്യതി തിങ്കൾ രാവിലെ 10 മുതൽ 2 വരെ.

2. **ഏകസ്ഥരുടെ കൂട്ടായമ:** 6 -ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ

3. **ജെറീക്കോ പ്രാർത്ഥന :** 10 -ാം തിയ്യതി രണ്ടാം ശനിയാഴ്ച വൈകീട്ട് 7 മുതൽ 10 വരെ

4. **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ:** 11-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ

5. **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** 17 -ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ

6. **അഖണ്ഡജപമാല:** 25-ാം തിയ്യതി ഞായർ രാവിലെ 10 മുതൽ 5 വരെ

7. **പ്രേഷിതരുടെ കൂട്ടായ്മ:** 29-ാം തിയ്യതി വ്യാഴാഴ്ച 2.30 ന്

8. **രോഗികളുടെയും വൃദ്ധരുടെയും സൗഹൃദസംഗമം:**
എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10 മുതൽ 4 മണി വരെ

9. **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും:**
എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 3 മണി വരെ

10. **തേയ്സേ പ്രാർത്ഥന:** എല്ലാ ശനിയാഴ്ചകളിലും രാത്രി 8 മണി മുതൽ 9 മണി വരെ യുവതി യുവാക്കൾക്ക്.

**ഫാ. ജോയ് തറയ്ക്കൽ,** വൈസ് റെക്ടർ

---

# കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം:** ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഏകദിന മദ്ധ്യസ്ഥ പ്രാർത്ഥന ഏപ്രിൽ 5 തിങ്കളാഴ്ച രാവിലെ 10 മുതൽ 3 വരെ ആളൂർ BLM ൽ കൂടുന്നു.

**ലോർഡ്സ് കപ്പിൾസ് കോൺഫ്രൻസ്:** KST യുടെ നേതൃത്വത്തിൽ ഓൾ കേരള ലോർഡ്സ് കപ്പിൾസ് കോൺഫ്രൻസ് ഏപ്രിൽ 5 മുതൽ 8 വരെ മുരിങ്ങൂർ ഡിവൈൻ റിട്രീറ്റ് സെന്ററിൽ നടക്കുന്നു. വിവരങ്ങൾക്ക് 9447036054, 9349012337 എന്നീ നമ്പറുകളിൽ വിളിക്കുക.

**പറുദീസ 2010:** അമ്പഴക്കാട്, മാള, പുത്തൻചിറ എന്നീ സബ്സോണുകളുടെ ആഭിമുഖ്യത്തിൽ പറുദീസ കൺവെൻഷൻ ഏപ്രിൽ 7 മുതൽ 11 വരെ കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ നഗറിൽവെച്ച് (കബറിടം) നടക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ**
ഡയറക്ടർ

# സെന്റ് വിൻസന്റ് ഡി പോൾ

**സംഘം ഭാരവാഹികളുടെ സത്യപ്രതിജ്ഞയും വാർഷിക ധ്യാനവും:**

സൊസൈറ്റി ഓഫ് സെ. വിൻസന്റ് ഡി പോൾ ഇരിങ്ങാലക്കുട സെൻട്രൽ കൗൺസിലിന്റെ വാർഷിക ധ്യാനവും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും സത്യപ്രതിജ്ഞയും ഇരിങ്ങാലക്കുട സെ. ജോസഫ്സ് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് മാർച്ച് 14-ാം തിയ്യതി ഞായറാഴ്ച നടത്തപ്പെട്ടു. പ്രസിഡന്റ് ബ്ര. ജോർജ്ജ് ഡി. ദാസന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇരിങ്ങാലക്കുട രൂപതയുടെ നിയുക്ത മെത്രാൻ മോൺ. ഡോ. പോളി കണ്ണൂക്കാടൻ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി.

S.S.V.P. സെൻട്രൽ കൗൺസിലിന്റെ (CC) പുതിയ ഭാരവാഹികൾ
സ്പിരിച്ചൽ ഡയറക്ടർ : റവ. ഫാ. ഡെൻസൻ നെരേപറമ്പിൽ
പ്രസിഡണ്ട് : ബ്ര. K.S. ജോസഫ്, കനകമല
വൈസ് പ്രസിഡണ്ട് : ബ്ര. I.M. ആന്റണി, പൂവത്തുശ്ശേരി
വൈസ് പ്രസിഡണ്ട്: ബ്ര. N.V. കുര്യാക്കോസ്, എലിഞ്ഞിപ്ര
വൈസ് പ്രസിഡണ്ട് : ബ്ര. K.J. ബാബു, പരിയാരം
സെക്രട്ടറി: ബ്ര. T.A. ജോസ്, വല്ലക്കുന്ന്
ജോ. സെക്രട്ടറി : ബ്ര. V.G. ജോസ് ആന്റോ, പുത്തൻവേലിക്കര
ട്രഷറർ (Local) : ബ്ര. M.L. ജോസ്, കാട്ടൂർ
ട്രഷറർ (Foreign) : ബ്ര. ജോണി വെളയനാട്ടുകാരൻ, രാപ്പാൾ
പ്രോജക്ട് ഓഫീസർ : ബ്ര. P.C. പൗലോസ്, പേരാമ്പ്ര
എഡ്യൂക്കേഷൻ ഓഫീസർ: ബ്ര. V.P. ജിമ്മി, മുനിപ്പാറ
ട്വിന്നിംഗ് ഓഫീസർ : ബ്ര. ഷോളി കല്ലേലി, കുറ്റിക്കാട്
പി. ആർ.ഒ. : ബ്ര. ജോയ് അരിക്കാട്ട്, വാസുപുരം
ജൂബി ലോൺ ഇൻ ചാർജ്ജ്: ബ്ര. C.D. വർഗ്ഗീസ്, ഇരിങ്ങാലക്കുട
മാസാന്ത്യ റിപ്പോർട്ട് ഇൻ ചാർജ്ജ് : ബ്ര. C.P. ആന്റണി, കൊടകര
ലേഡി ആനിമേറ്റർ : Sr. ഓമന ജോണി, താഴെക്കാട്
വനിതാ പ്രതിനിധി: Sr. എൽസ ജോൺസൺ, കുരുവിലശ്ശേരി
യൂത്ത് പ്രതിനിധി : ബ്ര. ടോംസ് ആന്റണി, കാട്ടൂർ
അഡ്വൈസറി ബോർഡ് : ബ്ര. ജോർജ്ജ് D. ദാസ്, കാട്ടൂർ
ബ്ര. C.V. ഫ്രാൻസിസ്, എടത്തിരുത്തി.

**ഫാ. ഡെൻസൻ നെരേപറമ്പിൽ**
സ്പിരിചൽ ഡയറക്ടർ

# ഇടയന്റെ ഇന്നലെകൾ

**മാർച്ച് – 2010**

01. 09.00 a.m. തൃശൂർ കത്തോലിക്കാസഭാ മാസികയുടെ അഭിമുഖത്തിൽ പങ്കെടുത്തു.
11.30 a.m. മൈനർ സെമിനാരിയിൽ നടന്ന സ്റ്റാഫ് മീറ്റിംഗിൽ അദ്ധ്യക്ഷനായി.
04.00 p.m. പൂങ്കുന്നത്ത് മൃതദേഹസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

02. 10.00 a.m. ബിഷപ്സ് ഹൗസിൽ മെത്രാഭിഷേക Publicity Committee Meeting-ൽ അദ്ധ്യക്ഷത വഹിച്ചു.

03. 08.50 a.m. IJK സ്പിരിച്ചാലിറ്റി സെന്ററിൽ സന്ദേശം നല്കി.
03.00 p.m. Sahrdaya Board Meetingൽ സംബന്ധിച്ചു.
05.00 p.m. മൈനർ സെമിനാരിയിൽ മൂന്നാംവർഷ വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

04. 02.30 p.m. കരോട്ടുകര സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നടന്ന പ്രോഗ്രാമിൽ പങ്കെടുത്തു സന്ദേശം നൽകി.

05. 10.45 a.m. ചാലക്കുടി അവാർഡ് ഭവന്റെ സിൽവർ ജൂബിലി ഉദ്ഘാടനം ചെയ്തു.
02.30 p.m. IJK Don Bosco സ്കൂളിൽ രക്ഷാകർതൃദിന പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു.

06. 07.00 a.m. കുഴിക്കാട്ടുശ്ശേരി ഹോളി ഫാമിലി കോൺവെന്റിൽ 40 മണി. ആരാധനയോടനുബന്ധിച്ച് വി.ബലിയർപ്പിച്ചു.
10.00 a.m. ബിഷപ്സ് ഹൗസിൽ സന്യാസ സുപ്പീരിയേഴ്സ് മീറ്റിൽ സന്ദേശം നൽകി.
04.30 p.m. നടവരമ്പ് ഇടവകയിൽ സെന്റ് ആന്റണീസ് കപ്പേള വെഞ്ചിരിച്ച് സന്ദേശം നൽകി.

07. 08.00 a.m. കരോട്ടുകര പള്ളിയിൽ ഇടയസന്ദർശനം നടത്തി.

08. 09.15 a.m. മാള ബി.എഡ്. കോളേജിലെ പ്രോഗ്രാമിൽ പങ്കെടുത്തു.
10.30 a.m. ലോക വനിതാദിനത്തോടനുബന്ധിച്ച് സോഷ്യൽ ആക്ഷൻ ഫോറത്തിന്റെയും KSSFന്റെയും നേതൃത്വത്തിൽ നടന്ന പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.
01.30 p.m. St. Joseph's Collegeൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

09. 06.30 a.m. IJK ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.
02.00 p.m. Shalom T.V.യിൽ ഈസ്റ്റർ പ്രോഗ്രാമിന് സന്ദേശം നല്കി.
04.00 p.m. PACS Committe Meeting ൽ അദ്ധ്യക്ഷത വഹിച്ചു.
05.00 p.m. Finance Council Meeting ൽ അദ്ധ്യക്ഷത വഹിച്ചു.

10. ആനന്ദപുരം സാൻജോ സദൻ സന്ദർശിച്ചു.
11. 09.00 a.m. സെ. ജെയിംസ് ഹോസ്പിറ്റലിൽ പ്രോഗ്രാമിൽ സംബന്ധിച്ചു ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.
02.30 p.m. കുഴിക്കാട്ടുശ്ശേരി കോൺവെന്റിൽ ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ CD പ്രകാശനം ചെയ്തു. പൗരോ ഹിത്യ വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.
04.30 p.m. കൊറ്റനെല്ലൂർ ആശാനിലയത്തിൽ Anniversary-യിൽ പങ്കെടുത്തു സന്ദേശം നൽകി.
12. 06.30 a.m. ഇരിങ്ങാലക്കുട മരിയ ഭവനിൽ വി. ബലിയർപ്പിച്ചു.
10.30 a.m. ചാലക്കുടി S.H കോളേജിൽ പ്രോഗ്രാമിൽ സംബന്ധിച്ചു.
04.30 p.m. കേരള സഭാ മീറ്റിംഗിൽ  അദ്ധ്യക്ഷത വഹിച്ചു.
06.00 p.m. IJK മൈനർ സെമിനാരിയിൽ Send Off ൽ പങ്കെടുത്തു.
13. 10.00 a.m. പ്രൊഫഷണൽ C.L.C. Gathering ൽ പങ്കെടുത്തു.
02.30 p.m. Mercy Trust Board Meetingൽ അദ്ധ്യക്ഷത വഹിച്ചു.
06.30 p.m. പുല്ലൂർ എസ്. എച്ച്. കോൺവെന്റിൽ മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ അനുസ്മരണാർത്ഥം വി. ബലിയർപ്പിച്ചു.
14. 08.20 a.m. ആനത്തടം പള്ളിയിൽ ഇടയസന്ദർശനം നടത്തി.
05.30 p.m. കരുവന്നൂർ പള്ളിയിൽ വൈദികമന്ദിരവും പാരിഷ്ഹാളും വെഞ്ചിരിച്ചു.
15. 06.30 a.m. പോട്ട De Paul Provincial House ൽ വി. ബലിയർപ്പിച്ചു.
10.00 a.m. അഷ്ടമിച്ചിറ Balabhavan മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു
11.00 a.m. പുളിയിലക്കുന്ന് വിയാനി ഹോമിൽ നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
03.00 p.m. IJK ക്രൈസ്റ്റ് കോളേജിൽ ബഹു. ജോസഫ് മുട്ടിക്കൽ CMI അച്ചന്റെ മൃതദേഹസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.
04.00 p.m. Bishop's Houseൽ നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
05.00 p.m. വെള്ളാങ്ങല്ലൂർ പള്ളിയിൽ ഗ്രോട്ടോ വെഞ്ചിരിക്കുകയും തിരുന്നാൾ കൊടിയേറ്റുകയും ചെയ്തു.
17. 11.00 a.m. Bishop's Houseൽ ജീസസ് ബി. എഡ്. കോളേജ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
02.15 p.m. വല്ലക്കുന്നിൽ വീടിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു.
03.30 a.m. ചാലക്കുടി സെന്റ് ജോസഫ്സ് ഭവനിൽ ഹോംഡേ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
05.00 a.m. മാരാംകോട് സെ. ജോസഫ്സ് പള്ളിയിൽ കുടുംബോത്സവത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

18. 06.30 a.m. വെള്ളാനി കോൺവെന്റിൽ വി. ബലിയർപ്പിച്ചു.
10.00 a.m. സന്ദർശകരെ സ്വീകരിച്ചു.
03.00 p.m. Bishop's House ൽ രൂപതയിലെ വൈദികകൂട്ടായ്മയിൽ അദ്ധ്യക്ഷത വഹിച്ചു.
19. 07.00 a.m. ആളൂർ നവചൈതന്യയിൽ വി. ബലിയർപ്പിച്ചു.
02.30 p.m. പൊറത്തിശ്ശേരി അഭയഭവനിൽ വി. ബലിയർപ്പിച്ചു.
20. 06.30 a.m. ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.
02.00 p.m. സഹൃദയ കോളേജിൽ 'കോളേജ് ഡേ' ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി.
21. 06.00 a.m. കത്തീഡ്രലിൽനിന്ന് അഴിക്കോട് മാർതോമ്മ തീർത്ഥകേന്ദ്രത്തിലേയ്ക്കുള്ള തീർത്ഥയാത്ര ഉദ്ഘാടനം ചെയ്തു.
09.15 a.m. മൂർക്കനാട് പള്ളിയിൽ ഇടയസന്ദർശനം നടത്തി.
05.00 p.m. ആളൂർ ബി.എൽ.എം. ൽ ആരാധനയുടെ സമാപനത്തിൽ 50 മണി സന്ദേശവും ആശീർവ്വാദവും നൽകി.
22. 10.00 a.m. കാട്ടുങ്ങച്ചിറ സാന്ത്വനത്തിൽ S.F.0. റീജിണൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.
03.00 p.m. Bishop's House ൽ സ്കൂൾ മാനേജേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
10.00 a.m. Bishop's Houseൽ S.F.0. മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
23. 02.30 p.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
04.00 p.m. ബാലഭവൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
06.00 p.m. കത്തീഡ്രലിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.
24. 06.30 a.m. കാട്ടുങ്ങച്ചിറ Schoenstatt Convent ൽ വി. ബലിയർപ്പിച്ചു
02.30 p.m. St. Joseph's College ൽ പ്രോഗ്രാമിൽ സംബന്ധിച്ചു.
25. 08.30 a.m. സെ. ജെയിംസ് ഹോസ്പിറ്റലിൽ പ്രോഗ്രാമിൽ സംബന്ധിച്ചു
10.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
03.00 p.m. ബിഷപ്സ് ഹൗസിൽ സോഷ്യൽ ആക്ഷൻ മീറ്റിംഗിൽ സംബന്ധിച്ചു.
26. 02.00 p.m. ആവേ മരിയ T.T.I. Collegeൽ കോളേജ്ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു.
27. 11.00 a.m. IJK മൈനർ സെമിനാരി ചാപ്പലിൽവച്ച് ബഹു. ശെമ്മാശ്ശന്മാർക്ക് Minor & Major പട്ടങ്ങൾ നല്കി.
28. 06.30 a.m. കത്തീഡ്രലിൽ ഓശാനയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
03.00 p.m. PACS കമ്മിറ്റി Meeting ൽ അദ്ധ്യക്ഷത വഹിച്ചു.
29. 09.00 a.m. കത്തീഡ്രലിൽ Chrism Mass ന് കാർമ്മികത്വം വഹിച്ചു.

06.00 p.m. ആളൂർ സെന്റ് ജോസഫ്സ് സ്കൂളിൽ വി. ബലിയർപ്പിച്ചു.
30. 06.30 a.m. IJK മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.
04.00 p.m. ബിഷപ്സ് ഹൗസിൽ Sweet Home കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
31. 09.30 a.m. മാള ബി. എഡ്. കോളേജിൽ വി. ബലിയർപ്പിച്ചു.

## നവചൈതന്യ

**ഏപ്രിൽ 7 പ്രാർത്ഥനാദിനം:** സ്റ്റാഫ് മീറ്റിംഗ്

" 10–17 ലഹരി വിമോചന പരിശീലന ക്യാമ്പ്
" 11 ജാഗരണ പ്രാർത്ഥന
" 15 N.A.R.F. മീറ്റിംഗ്
" 17 ലീഡേഴ്സ് + ആനിമേറ്റേഴ്സ് മീറ്റിംഗ്
" 22–24 കുട്ടികളുടെ ക്യാമ്പ്
" 24–28 ഫീൽഡ് വിസിറ്റ്
" 29 ഔട്ട് റീച്ച് പ്രോഗ്രാം
" 30 എഡിറ്റോറിയൽ + റിസോഴ്സ് ടീം മീറ്റിംഗ്

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## ഇടയന്റെ നാളെകൾ

**ഏപ്രിൽ 2010**

1. - 5. IJK
5. Kallettumkara Karanchira
6. IJK, Kallamkunnu
7. Kuzhikattussery, Kakulissery
8. Thamarassery
9. Puthenchira, IJK, Vynthala
10. Thrissur
11. IJK, Ramanathapruam, Kallur
12. Chalakudy, Kaduppassery, Chalakudy
13. IJK
14. Chaipankuzhy, Oorakam
15. Chalakudy, Kallettumkara
16. Aloor
17-20. IJK
21. Kodakara
22. Puthenchira East
23. Thrissur, IJK
24. Karoor, Puthenchira
25. Karalam, Edathiruthy, Kottanellur
29. Perambra

KL/IJK/34/09-10 KERMAL 13676-11/01/2007-TC




Bishop's House, Irinjalakuda - 680 121
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com ijkdiocese@yahoo.com

Edited by Fr. Seby Kolangara, Published by Fr. Jobby Pozholiparambil
Printed at Adolf Kolping Press, Irinjalakuda, Trichur District. Ph : 2823079